

ക്രിസ്ത്യാനികളുടെ സഹായമേ!
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

(തിരുനാൾ സെപ്റ്റംബർ ൨൪-ാംനു.)

# കർമ്മലകുസുമം.

പുസ്തകം ൨൩) സെപ്റ്റംബർ (ലക്കം ൯.


## വ്യാകുലകീർത്തനം.

രാഗം സുറിയാനി. ബ്ഏദാദ് യൌമ്മാ— എന്ന മട്ട്.

(ക. നി. മൂ. സ. ബ. മാണിക്കത്തനാർ.)

വ്യാകുലതായേ! മമ മാതാവേ!
ആകുലമാകെയകററിടണമെ.

1 ശെമഒാൻപ്രവചിച്ചൊരു ശിരവാളാ—
ലാമന്ദമാണ്ടൊരു കന്യകയാം നീ.
വ്യാകുല...

2 മിശിഹാമെസ്രേനിലോടിയൊളിച്ചതു
കൊണ്ടു മനോവ്യഥ പൂണ്ടഗുണാഢ്യേ!
വ്യാകുല...

3 പുത്രൻ കാണാതാവുകമൂലം
ചിത്തവിഷാദമിയന്നൊരു തായേ!
വ്യാകുല...

4 സ്ലീവായേന്തിവരുന്ന കുമാരനു
നേരേചെന്നെതിർപെട്ട ദയാലോ!
വ്യാകുല...

5 സ്ലീവായുടെയടിഭാഗത്തുങ്കൽ
രോദനമോടേ നിന്ന ഗുണാഢ്യേ!
വ്യാകുല...

6 സ്ലീവായിൽനിന്നടിയിലിറക്കിയ
സുതനേ മടിയിൽ താങ്ങിയ പുണ്യേ!
വ്യാകുല...

7 മിശിഹായേക്കല്ലറയിലടക്കിയ—
തകതാരുരുകി കണ്ടൊരു മറിയേ!
വ്യാകുല...

## പ്രസാധകക്കുറിപ്പുകൾ.

### കന്നിമാസം.

ഈ മാസം ദൈവജനനിയുടെ വ്യാകുല ഭക്തിക്കായി നിയമിക്കപ്പെട്ടിരിക്കുന്നു. പരിശുദ്ധ ദൈവമാതാവിന്റെ നേരെയുള്ള ഭക്തിയുടെ വിഷയങ്ങൾ അനേകങ്ങളുണ്ട്. എന്നാൽ ആ അമ്മയുടെ വ്യാകുലതകൾ ഈ കൂട്ടത്തിൽ പ്രഥമ സ്ഥാനത്തെ അർഹിക്കുന്നുണ്ടെന്നു പറയാം. എന്തുകൊണ്ടെന്നാൽ ദൈവജനനിയുടെ ഭക്തിയുടെ ഭാഗങ്ങൾ രണ്ടാകുന്നു. അതായതു് വണക്കവും സ്നേഹവും. എന്നാൽ പരിശുദ്ധ അമ്മയുടെ വ്യാകുലതകൾ പോലെ വണക്കവും സ്നേഹവും ജനിപ്പിക്കുന്ന വിഷയം വേറെന്താണുള്ളതു? നമുക്കുവേണ്ടിയും നമ്മുടെ സ്നേഹത്തെ പ്രതിയും ഈ അമ്മ അത്യധികമായ പീഡകൾ സഹിച്ചു എന്നോർക്കുമ്പോൾ ആരുടെ ഹൃദയമാണു് ആർദ്രമാകാത്തതു്? ആരാണു് സ്നേഹത്താൽ പരവശരാകാത്തതു്? എന്നുതന്നെയല്ല, ദുഃഖിതയായ അമ്മയോടുകൂടെ സഹതപിക്കു

ന്നതും അവരെ ആശ്വസിപ്പിക്കുന്നതും മക്കൾക്കു സ്വാഭാവികമായ കടമയല്ലയോ? എങ്കിലും എത്രയോ മക്കൾ ഈ കടമയെ സ്മരിക്കാതെ നടക്കുന്നു. വി. ബ്രിജീത്താ പുണ്യവതിയോടു "മക്കളേ! നിങ്ങളെങ്കിലും എന്റെ വ്യാകുലങ്ങളെ ഓർത്തു സഹതപിക്കുക" എന്നു അരുളിച്ചെയ്ത വചനങ്ങൾ നമ്മിൽ ഓരോരുത്തരോടും പറയുന്നതായി കരുതിക്കൊണ്ടു ഈ മാസത്തിൽ വ്യാകുല ഭക്തിയിൽ വർദ്ധിപ്പാൻ ശ്രമിക്കണം.

### ദിവ്യകാരുണ്യമഹാസഭ.

ഓസ്ത്രേലിയായിൽ സിഡ്നി നഗരത്തിൽ വച്ചു ഈ മാസത്തിൽ നടക്കാനിരിക്കുന്ന ദിവ്യകാരുണ്യ മഹാസഭയെപ്പററി ചങ്ങനാശേരി രൂപതയുടെ കാളാശേരിൽ മാർ ജെയിംസു മെത്രാനച്ചൻ പ്രസിദ്ധപ്പെടുത്തിയ ഒരു ഇടയ ലേഖനത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:—

വി. കുർബാനയുടെ ൨൯-ാമത്തെ സർവ്വലോകസംഘം അടുത്ത സെപ്റ്റംബർ ൬, ൭, ൮, ൯, എന്ന തീയതികളിൽ ആസ്ത്രേലിയായിലെ സിഡ്നി എന്ന നഗരത്തിൽ വച്ചു ഇത്തവണ നടത്തപ്പെടുന്ന വിവരവും ഈ അവസരത്തിൽ നിങ്ങളെ അറിയിച്ചുകൊള്ളുന്നു. "ഭാരപ്പെടുന്നവരെ, അദ്ധ്വാനിക്കുന്നവരേ! വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം" എന്നു ക്ഷണിച്ചുകൊണ്ടു രാപകൽ ദിവ്യസക്രാരിയിൽ നമ്മോടുകൂടി വസിക്കുന്ന ഈശോയുടെ ദിവ്യകാരുണ്യഹൃദയത്തോടു മനുഷ്യർ ചെയ്യുന്ന നിന്ദാപമാനങ്ങൾക്കും നന്ദികേടിനും പൊതുപരിഹാരം ചെയ്യുന്നതിനുള്ള ഒരു പ്രത്യേക അവസരമായിരിക്കുന്നു ഇതു്. ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും ജാതികളിലും നിന്നു് അൽമേനികൾ, പട്ടക്കാർ, മെത്രാന്മാർ, കർദ്ദിനാളന്മാർ, മുതലായി അനേകായിരം ആളുകൾ ഈ അവസരത്തിൽ അവിടെ കൂടുന്നതാണു്. പ. പിതാവും തന്റെ പ്രതിനിധിയെ ഈ വിദൂരസ്ഥലത്തേക്കു കല്പിച്ചയക്കുന്നുണ്ടു്. നമ്മളും ആഗ്രഹത്തിലും അരൂപയിലുമെങ്കിലും അതിൽ സംബന്ധിക്കണമെന്നും, ഈശോയുടെ നേർക്കുള്ള നമ്മുടെ സ്നേഹവും കാണിക്കണമെന്നും എല്ലാവരേയും ഓർമ്മപ്പെടുത്തുന്നു. ഇതിന്റെ ലക്ഷ്യമായി, പ. ക. മറിയത്തിന്റെ പിറവിത്തിരുനാളായ സെപ്റ്റംബർ ൮-ാംനു- നമ്മുടെ രൂപതയൊട്ടുക്കു് ഒരു പൊതുകുർബാന കൈക്കൊള്ളപ്പാടു കഴിക്കയും, ൯-ാംനു-യായ ഞായറാഴ്ച എല്ലാ പള്ളികളിലും ഒരുമണിക്കൂർ ആരാധന നടത്തുകയും ചെയ്യണമെന്നുകൂടി നാം കല്പിക്കുകയും ചെയ്യുന്നു.

### The Mirror of Priests.

റവ. ഫാദർ പ്രൊക്കുറെയിററർ, പുത്തൻപള്ളി സെമ്മിനാരി, വരാപ്പുഴ. വില. കടലാസു ബൈൻഡു് 1 രൂ. 2 അണ. കാലിക്കോ 1 രൂ. 8 അണ.

പുത്തൻപള്ളി സെമ്മിനാരിയിലെ വൈദികവിദ്യാർത്ഥികളുടെ അദ്ധ്യാത്മിക ഗുരുവായ റവ. ഫാദർ അവുറേലിയൻ സി. ഡി. അവർകൾ വൈദികരുടെ ഉപയോഗത്തെ പ്രധാനമായി ഉദ്ദേശിച്ചു എഴുതിയിട്ടുള്ള ഈ വിശിഷ്ടകൃതിയുടെ ഒരു രണ്ടാംപതിപ്പു പുറത്തായിരിക്കുന്നു. പത്താം പീയൂസുമാർപ്പാപ്പായുടെ ഗുരുപ്പട്ടസുവർണ്ണജൂബിലി പ്രമാണിച്ചു തിരുമനസ്സുകൊണ്ടു വൈദികർക്കായി അയച്ചിട്ടുള്ള ഒരുപദേശലേഖനവും ദണ്ഡവിമോചനമുള്ള പലപ്രാർത്ഥനകളും ഈപുതിയ പതിപ്പിന്റെ അവസാനത്തിൽ ചേർത്തിട്ടുണ്ടു്. അദ്ധ്യാത്മജീവിതപദ്ധതിയിൽ പരിശ്രമിക്കുന്ന ഏവർക്കും ഈ ചെറിയ പുസ്തകം ഒരുത്തമ ദർപ്പണമായിരിക്കുന്നതാണു്.

---

## വായിച്ചിരിക്കേണ്ടതു്.

1928 ഡിസംബർ ഉൾപ്പെടെയുള്ള വരിസംഖ്യ ഇതേവരെ അയച്ചിട്ടില്ലാത്തവർക്കു് സെപ്റ്റംബർ 15-ാംനു- മുതൽ വി. പി. അയച്ചുതുടങ്ങുന്നതാകുന്നു. അതിനുമുമ്പു് മണിയോർഡറായി പണം അയക്കുന്നതായാൽ, വി. പി. ചെലവു് മൂന്നണ നഷ്ടപ്പെടാതിരിക്കുന്നതാണു്.

മാനേജർ, "കർമ്മലകുസുമം" മാന്നാനം.

# എട്ടുനോമ്പിന്റെ ആരംഭം.

(റവ. ഫാദർ ബെർണ്ണാർഡ്. സി. ഡി.)

ഒമ്പതാം ശതാബ്ദത്തിൽ നസ്രാണികൾ കൊടുങ്ങല്ലൂർ നിന്നു കുടി പുറപ്പെട്ടു അയൽസ്ഥലങ്ങളായ അങ്കമാലി, ചേന്നമംഗലം, മുതലായ സ്ഥലങ്ങളിൽ പോയി താമസമുറപ്പിച്ചതായി ചരിത്രത്തിൽ കാണുന്നുണ്ട്. ഇതിനുണ്ടായ കാരണം താഴെ എഴുതുന്നതാണ്.

പ്രസ്തുത ശതവർഷത്തിൽ അറബികൾ ഒരു ഭാഗത്തും നസ്രാണികളും അവരുടെ മിത്രങ്ങളായ യൂദന്മാരും എതിർ ഭാഗത്തും നിന്നു ഒരു യുദ്ധമുണ്ടായി. ഒടുവിൽ നസ്രാണികൾ തോല്ക്കുകയും തന്മൂലം മുസ്സൽമാന്മാർ പള്ളികളും നസ്രാണി തെരുവുകളും നശിപ്പിക്കുകയും അവർ അവിടെ നിന്ന് എടുക്കാൻ പാടുള്ള വസ്തുക്കളെല്ലാം എടുത്തുകൊണ്ടു അയൽസ്ഥലങ്ങളിലേയ്ക്കു പോവുകയുമാണുണ്ടായത്. ശണ്ഠയ്ക്കുണ്ടായ കാരണത്തെപ്പറ്റിയുള്ള ഐതിഹ്യം ഇപ്രകാരമാണ്. അന്നത്തെ കൊടുങ്ങല്ലൂർ രാജാവിന്റെ മന്ത്രിക്കു നസ്രാണികൾ പാർത്തിരുന്ന തെരുവിലെ ഒരു വീട്ടിൽ തുണികൊടുത്ത് അവിടത്തെ ഒരു സ്ത്രീയോടു സംബന്ധം ചെയ്യണമെന്ന് വളരെ മോഹമുണ്ടായി. നസ്രാണികൾ വിവരം അറിഞ്ഞ് തങ്ങൾക്കു അതു അപമാനകരമാണെന്നു കരുതി മന്ത്രി ഇട്ടിരുന്ന തുണിയും പുടവയും ആ വീട്ടിൽ നിന്നെടുത്ത് അടുത്ത് മുസ്സൽമാന്മാർ പാർത്തിരുന്ന ഒരു വീട്ടിലിടുകയും മന്ത്രി കാര്യം അറിയാതെ അവിടെ കയറാൻ ഇടയാകുകയും ചെയ്തു. (അക്കാലത്തു അറബികൾ കച്ചവടത്തിനായി കൊടുങ്ങല്ലൂരിൽ വന്നു പാർത്തിരുന്നു. കോഴിക്കോട്ടു രാജാവു അവരുടെ മിത്രവും ആയിരുന്നു.) സംഗതിയുടെ രഹസ്യം പരസ്യമായപ്പോൾ മുസ്സൽമാന്മാർ കുപിതരായിത്തീരുകയും, കോഴിക്കോട്ടു നിന്നു വളരെ മുസ്സൽമാന്മാരെ കൊണ്ടുവന്നു യുദ്ധം നടത്തുകയും ഇങ്ങനെ നസ്രാണികൾ കൊടുങ്ങല്ലൂരിൽ നിന്നു പുറപ്പെട്ടു പോകാൻ ഇടയാകുകയും ചെയ്തതാണ്. ഇവിടെ എഴുതിയിരിക്കുന്ന ഈ സംഭവം ചില പഴയ കയ്യെഴുത്തു പുസ്തകങ്ങളിൽ കണ്ടിട്ടുള്ളതാകുന്നു.

ഈ ശണ്ഠയിൽ നസ്രാണിസ്ത്രീകൾ, മുസ്സൽമാന്മാരിൽ നിന്നു തങ്ങളുടെ പാതിവ്രത്യത്തിനു ഹാനികരമായി യാതൊന്നും സംഭവിക്കാതിരിക്കാൻ പരിശുദ്ധ ദൈവജനനിയുടെ സഹായം ലഭിക്കുന്നതിനുവേണ്ടി എട്ടു നോമ്പു അനുഷ്ഠിക്കാമെന്ന് പ്രതിജ്ഞ ചെയ്തു. കന്നിമാസം എട്ടാം തീയതി ദൈവജനനിയുടെ പിറവിത്തിരുനാളിനു മുമ്പുള്ള എട്ടു ദിവസങ്ങളിൽ ഇങ്ങനെയാണ് നോമ്പുനോല്ക്കുകയും ദേവാലയത്തിൽ ഭജനമിരുന്ന് പ്രത്യേക പ്രാർത്ഥനകൾ നടത്തുകയും ചെയ്യുന്ന പതിവു കേരളത്തിൽ നസ്രാണിസ്ത്രീകളുടെ ഇടയിൽ ഉണ്ടായതെന്നു പറയപ്പെടുന്നു.

# വി. അന്തോനീസിന്റെ നഗരം.

(റവ. ഫാദർ സിറിയക്കു കാപ്പിൽ. പി. എച്ച്. ഡി.)

ബൊളോഞ്ഞായിൽ നിന്നും ജൂൺ 25-ാംനു- കാലത്ത് 6 മണി വണ്ടിക്കു ഞങ്ങൾ പാദുവായിലേക്കു തിരിച്ചു. 8ൽക്കു പാദുവായിൽ എത്തി. ബൊളോ

(*

ഞ്ഞയിൽ വി. കത്രീനായെപ്പററി "പുണ്യവതി" എന്നു പറയുന്നതുപോലെ പാദ്ദുവായിൽ വി. അന്തോനീസിനെപ്പററി "പുണ്യവാൻ" എന്നു മാത്രമാണു് പറയുന്നതു്. പുണ്യവാൻെറ പള്ളി ഏതു് എന്നു ചോദിച്ചാൽ വി. അന്തോനീസിൻെറ പള്ളിയിലേക്കു വഴികാണിക്കും. ഞങ്ങൾ എട്ടുമുക്കാലിനു പള്ളിയിൽ ചെന്നെങ്കിലും പത്തിനുമാത്രമെ കുർബാന ചൊല്ലാൻ സാധിച്ചൊള്ളു. വി. അന്തോനീസിൻെറ കവറിടത്തുങ്കൽ തന്നെ കുർബാന ചൊല്ലി. എത്രമാത്രം പുരുഷാരമാണു് അവിടെ വന്നു് വി. കുർബാന ഉൾക്കൊണ്ടു പുണ്യവാനോടു് അപേക്ഷിക്കുന്നതെന്നു കണക്കില്ലെന്നു പറയാം. ഇവിടെ കാലത്തു 5 മണി മുതൽ രാത്രി 10 മണി വരെ സദാ തുറന്നിട്ടിരിക്കുന്ന ഏകദേവാലയം വി. അന്തോനീസിൻേറതു മാത്രമാണു്.

1865 വരെ പാദ്ദുവാ ആസ്ത്രിയാക്കാരുടെ വകയായിട്ടാണിരുന്നതു്. മദ്ധ്യശതകങ്ങളിൽ പാദ്ദുവാ ഒരു റിപ്പബ്ളിക്കായിരുന്നു. 1227-ലാണു വി. അന്തോനീസ് ആദ്യമായി പാദ്ദുവായിൽ വന്നതു്. അദ്ദേഹം ജനനത്താൽ പോർട്ടുഗീസുകാരനായിരുന്നല്ലൊ. 1231 ജൂൺ 13-ാംനു-36-ാമത്തെ വയസ്സിൽ അദ്ദേഹം ഇവിടെവച്ചു പരലോകപ്രാപ്തനായി. ഒരാണ്ടു തികയുന്നതിനു മുമ്പു 9-ാമത്തെ ഗ്രിഗോരിയോസ് മാർപ്പാപ്പാ അന്തോനീസിനെ പുണ്യവാന്മാരുടെ പട്ടികയിൽ ചേർത്തു് പരസ്യകല്പന അയച്ചു. പുണ്യവാൻെറ തിരുശരീരം സാന്താ മരിയാ നോവെല്ല എന്ന പള്ളിയിലാണു് അടക്കപ്പെട്ടതു്. ആ പള്ളി തീരെ ചെറുതായിരുന്നതിനാൽ ഒരു പുതിയ പള്ളി പണിയിക്കേണ്ട ആവശ്യം നേരിട്ടു. ഏതൻമൂലം 1234-ൽ ഇന്നു പാദ്ദുവായിൽ കാണുന്ന ബ്രഹ്മാണ്ഡമായ ബസീലിക്കായുടെ പണി ആരംഭിക്കുകയും താമസംവിനാ അതു പൂർത്തിയാവുകയും പാദ്ദുവായിൽ യൂറോപ്പിൻെറ നാനാഭാഗങ്ങളിൽ നിന്നും ഓടിക്കൂടുന്ന തീർത്ഥയാത്രക്കാർക്കു ഒരുവിധം സ്വാതന്ത്ര്യമായി പള്ളിയിൽ പ്രവേശിച്ചു് പുണ്യവാൻെറ കവറിടത്തുങ്കൽ അപേക്ഷിക്കുന്നതിനു സാധിക്കയും ചെയ്തു. ആ പള്ളിക്കു ഏകദേശം 350 അടി നീളവും 150 അടി വീതിയും 100 അടി ഉയരവും വരും. 5 താഴികക്കുടങ്ങളും ഒരു മണിമാളികയുമുണ്ടു്. ഏകദേശം കുരിശിൻെറ ആകൃതിയിലാണു് അതു പണിയപ്പെട്ടിരിക്കുന്നതു്. വി. അന്തോനീസിൻെറ അൾത്താര കുരിശിൻെറ ഇടത്തെ തണ്ടിലുള്ള കപ്പേളയിലാണു്. ആ കപ്പേള പള്ളിനിരപ്പിൽ നിന്നു രണ്ടു മൂന്നടി ഉയരത്തിൽ സ്ഥിതിചെയ്യുന്നു. പുണ്യവാൻെറ കവറിടം ഏകദേശം നാലടി ഉയരത്തിൽ മാർബിൾ കല്ലുകൊണ്ടു പണിതിട്ടുള്ളതും അനേക വിലപിടിച്ച വിളക്കുകൾ മുതലായ അലങ്കാരങ്ങളോടു കൂടിയതുമാണു്. വിശുദ്ധൻെറ കവറിടത്തുങ്കൽ കുർബാന മൂന്നര മണി മുതൽ പന്ത്രണ്ടു മണിവരെ മുടങ്ങാതെ ഉണ്ടെന്നു പറയത്തക്കവണ്ണം അത്ര അധികം പട്ടക്കാരാണു് അവിടെ വരുന്നതു്. ഇററലിയിൽ ഒരു സ്ഥലത്തും ഇത്ര അധികം ആളുകൾ ദിവസംപ്രതി വി. കുർബാന ഉൾക്കൊള്ളുന്നുണ്ടെന്നു തോന്നുന്നില്ല. ഓരോ കുർബാനയുടെ സമയത്തും രണ്ടും മൂന്നും അച്ചന്മാർ നിരന്നുനിന്നാണു് വി. കുർബാന എഴുന്നള്ളിച്ചുകൊടുക്കുന്നതു്. വരുന്ന ജനങ്ങളെല്ലാം ആ കവറിടത്തിൻെറ കല്ലു ചുംബിച്ചും, അതിന്മേൽ കൈവച്ചും, കൊന്ത മുതലായ സാമാനങ്ങൾ തൊടീച്ചും മടങ്ങുന്ന കാഴ്ച കാണേണ്ടതു തന്നെ.

അൾത്താരയ്ക്കു സമീപം ചിത്താരിച്ചിരിക്കുന്ന ചിത്രങ്ങൾ വിശുദ്ധൻ ജീവിതകാലത്തു പ്രവർത്തിച്ചിട്ടുള്ള അത്ഭുതങ്ങളെ കാണിക്കുന്നവയാണു്. ഒരു മാതാവിൻെറ ശുദ്ധതയെ വെളിപ്പെടുത്തുവാൻ മൂന്നുമാസം തികയാത്ത ഒരു കുട്ടിയെ സംസാരിപ്പിച്ചതു്, പുണ്യവാൻെറ പിതാവിനെ അന്യായമായി കലക്കുററം ചുമത്തുകയിൽ അതു തെളിയിക്കുന്നതിനു കൊല്ലപ്പെട്ട ഒരു യുവാവിനെ ഉയിർപ്പിക്കുന്നതു, വിശുദ്ധൻ മരിച്ച വാർത്ത ഒരു പാഷാണ്ഡനോടു പറഞ്ഞപ്പോൾ അയാൾ ഇദ്ദേഹം വിശുദ്ധനാണെങ്കി

ൽ ഈ ടംബ്ളേർ പൊട്ടുകയില്ല എന്നു പറഞ്ഞു ഒരു കെട്ടിടത്തിന്റെ മൂന്നാം നിലയിൽനിന്നു ഒരു ടംബ്ളേർ താഴെയുള്ള കല്ലിന്മേക്കെറിഞ്ഞതിൽ കല്ലു തകർന്നതും ടംബ്ളേർ പൊട്ടാതിരുന്നതും കണ്ടു ആ അവിശ്വാസി ജ്ഞാനസ്നാനപ്പെട്ടതു്, ഇത്യാദി ചിത്രങ്ങൾ ഏററം തന്മയത്വത്തോടുകൂടെയാണു പിന്താരിച്ചിരിക്കുന്നതു്. നിക്ഷേപ കപ്പേള എന്നു പറയുന്ന കപ്പേളയിൽ അന്തോനീസിന്റേയും വേറെ വിശുദ്ധന്മാരുടെയും പല തിരുശേഷിപ്പുകളും വിലപിടിച്ച തിരുപ്പാത്രങ്ങളിലും അരുളിക്കാകളിലും സൂക്ഷിച്ചിട്ടുള്ളതിനു പുറമെ മാർപ്പാപ്പാമാർ രാജാക്കന്മാരാദിയായവർ പ്രതിഷ്ഠിച്ച അനേക നേർച്ച സാധനങ്ങളും വച്ചിരിക്കുന്നു. വിശുദ്ധന്റെ കവറടക്കത്തിനു ശേഷം അനേകനാൾ കഴിഞ്ഞു അന്നു പ്രംസീസ്സൻ സഭാജനറാളായിരുന്ന വി. ബൊനവഞ്ചുരാ കവറിടം തുറന്നു നോക്കുകയിൽ ശരീരം മുഴുവൻ ജീർണ്ണീഭവിച്ചിരുന്നെങ്കിലും നാവു മാത്രം രക്തമയമുള്ളതായും യാതൊരു കേടും സംഭവിച്ചിട്ടില്ലാത്തതായും കാണപ്പെടുകയാൽ അതു് പ്രത്യേകം ഒരരുളിക്കായിൽ സൂക്ഷിക്കയാണുണ്ടായതു്. ആ തിരുനാവു ഇപ്പോഴും വിശേഷ മാററമൊന്നും കൂടാതെ ഇരിക്കുന്നു. ഇതിനും പുറമെ അന്തോനീസിന്റെ വിരൽ, വിശുദ്ധൻ ധരിച്ചിരുന്ന വസ്ത്രം, മരണസമയം പ്രായശ്ചിത്തത്തിനായി വിശുദ്ധൻ തലയിണയുടെ സ്ഥാനത്തുപയോഗിച്ച കരിങ്കല്ലു്, അവിശ്വാസി പരീക്ഷാർത്ഥം എറിഞ്ഞിട്ടു പൊട്ടാതിരുന്ന ടംബ്ളേർ മുതലായ അനേക തിരുവസ്തുക്കൾ അവിടെ അലങ്കരിച്ചു വച്ചിരിക്കുന്നതു വണങ്ങുവാൻ വരുന്ന ജനങ്ങൾ സംഖ്യാതീതമെന്നേ പറവാനുള്ളു.

ഞങ്ങൾ ഈ വിലതീരാത്ത നിക്ഷേപങ്ങൾ വണങ്ങി വിശുദ്ധന്റെ കവറടത്തിങ്കൽ ഒരു പ്രാവശ്യം കൂടി പ്രാർത്ഥിച്ചതിനു ശേഷം പട്ടണത്തിലേക്കു പോയി. പാദുവാ സാമാന്യം വലിയൊരു പട്ടണമാണു്. യൂറോപ്യൻ യൂനിവേഴ്സിററികളിൽ പൗരാണികത്വം കൊണ്ടും കീർത്തികൊണ്ടും പദുവാ യൂനിവേഴ്സിററിക്കു ഒരു നല്ല സ്ഥാനമുണ്ടു്. അവിടെ യൂറോപ്പിന്റെ വിവിധഭാഗങ്ങളിൽ നിന്നുമായി ആയിരത്തിൽപരം കുട്ടികൾ ഇപ്പോൾ പഠിക്കുന്നുണ്ടു്. പാദുവായിലെ ജനങ്ങൾ അധികം ആഡംബരഭ്രമമില്ലാത്തവരും നല്ല കത്തോലിക്കരുമാണെന്നു തോന്നുന്നു. പദുവാപതിയായ വിശുദ്ധ അന്തോനീസിന്റെ കവറിടത്തിങ്കൽ ദിവ്യ പൂജ അർപ്പിക്കണമെന്നുള്ള ഏക ഉദ്ദേശത്തോടുകൂടി പോയ ഞങ്ങൾ അതു സാധിച്ചപ്പോൾ അധികം ചുററാതെ വെനീസിലേക്കു 1ൽ മണിക്കു വണ്ടി കയറി.

# വ്യാകുല ഭക്തന്മാർക്കുള്ള വരങ്ങൾ.

വി. എലിസബത്തു രാജ്ഞിയ്ക്കുണ്ടായ ഒരു വെളിപാടിനെക്കുറിച്ചു് ലീഗോരി പുണ്യവാൻ ഇപ്രകാരം എഴുതിയിരിക്കുന്നു:– ദേവമാതാവു സ്വർഗ്ഗത്തിലേക്കു കരേറപ്പെട്ടതിന്റെശേഷം വി. യോഹന്നാൻ ഏവൻഗേലിസ്താക്കു ആ നാഥയെ വീണ്ടും കാണ്മാൻ അതിയായ ആഗ്രഹമുണ്ടായി. തദനുസരണം ദൈവജനനി തന്റെ തിരുക്കുമാരനോടുകൂടി വിശുദ്ധശ്ലീഹാക്കു ഒരിക്കൽ കാണപ്പെട്ടു.

അപ്പോൾ ദൈവമാതാവു തന്റെ വ്യാകുലതാഭക്തർക്കായി ചില പ്രത്യേക വരങ്ങൾ ദിവ്യരക്ഷകനോടു അപേക്ഷിക്കയും, താൻ അവയെ കല്പിച്ചനുവദിക്കയും ചെയ്യുന്നതു കേൾപ്പാനിടയായി. അവ താഴെപ്പറയുന്ന നാലു വരങ്ങളാകുന്നു.

1. വ്യാകുലമാതാവിന്റെ ഭക്തന്മാർക്കു തങ്ങളുടെ പാപങ്ങളേക്കുറിച്ചു യഥാർത്ഥമായി മനസ്താപപ്പെടുന്നതിനുള്ള വരം ദിവ്യരക്ഷകൻ നൽകുന്നതാണ്.

2. അവരുടെ ഞെരുക്കങ്ങളിലും പ്രത്യേകിച്ചു അവരുടെ മരണനേരത്തും അവരെ താൻ കാത്തുരക്ഷിക്കും.

3. കർത്താവിന്റെ പീഡാനുഭവത്തിന്റെ ഓർമ്മ അവരിൽ പതിക്കയും തൽഫലമായി സ്വർഗ്ഗത്തിൽ അവർക്കു വലിയ സമ്മാനം നൽകുകയും ചെയ്യും.

4. ദൈവജനനിയുടെ ഇഷ്ടംപോലെ അവരെ നടത്തുന്നതിനും അനാഥർ അനുഗ്രഹിക്കുന്ന എല്ലാ നന്മകളും അവർക്കു നൽകുന്നതിനുംവേണ്ടി പരിശുദ്ധ അമ്മയുടെ കരങ്ങളിൽ അവരെ ഭരമേല്പിക്കുന്നതാണ്.

# കുരിശിൻ  ചുവട്ടിൽ.

(മഹാകവി കട്ടക്കയത്തിൽ ചെറിയാൻമാപ്പിള.)

അരിയപീഡസഹിപ്പൊരു യേശുവിൻ
കുരിശുതന്നരികിൽ കദനാഗ്നിയാൽ
പൊരിയുമുള്ളമൊടശ്രു നിരർഗ്ഗളം
ചൊരിയു'മറിയനാരികൾമേവിനാർ.

ഘനമെഴുംകദനാസികടന്നിട്ടും
മനമൊടേററമടുത്തനലാദിപോൽ
അനഘനീശസുതന്റെ വിശുദ്ധയാം
ജനനി നിന്നു വിഷാദനിമഗ്നയായ്.

വളരും വ്യഥ മൂലമാലിലയ്യോ—
ത്തിളകും ചിത്തമൊടും വധൂലലാമം
ഇളവററു വിഭാതചന്ദ്രനേപ്പോൽ
വിളറീടും തനയാനനത്തെ നോക്കി.

ഭിന്നാന്തരംഗമൊടുശിഷ്യനാം യോ-
ഹന്നാനുമപ്പെൺമണിതന്നടുക്കൽ
നിന്നാവരിഷ്ഠൻഗുരുവിൻചരിത്രം
നന്നായ്‌വിചാരിച്ചുചൊരിഞ്ഞുകണ്ണീർ.

(നേയും
മാതാവിനേയുമതുപോൽ പ്രിയശിഷ്യ
(പിന്നെ;
ശ്രീതാവുമീശസുതനൻപൊടു നോക്കി
(ജൻ;" "നിൻ—
മാതാവിനോ"ടിനി നിനക്കിവനാത്മ
മാതാവിതെ"ന്നനുഗനോടുമമന്ദമോതി.

കരസഹസ്രമകന്നുതദന്തര
തരണിബിംബമിരുണ്ടു മറഞ്ഞുപോയ്;
ഇരവിലപ്പടി ക്രൂരിതർ കൂട്ടമായ്—
ദ്ധരയിലെങ്ങുമണഞ്ഞിതു വിസ്മയം!

"അനല്പമീയൂദജനത്തിനെല്ലാ—
മനർത്ഥമെത്തും വരു! വൈകിടാതെ"
മനസ്സിലേവം ഭയമോടിവണ്ണം
നിനച്ചു വിദ്വേഷികൾ സംഭ്രമിച്ചു.

അനന്തരം താതനൊടേററമുച്ച—
സ്വനത്തിലർത്ഥിച്ചിതുയേശുദേവൻ
"അനന്ത! സർവ്വേശ്വര! സൂനുവാമീ-
ജനത്തെ നീയെന്തിനു സന്ത്യജിച്ചു?"
ഊഹിക്കുവാനുമെളുതല്ലതുപോലജസ്രം
(നിതാന്തം
ദേഹിക്കു നന്മകൾ ചൊരിഞ്ഞവനേ
(ത്തൻ
സ്നേഹിച്ചിടുന്ന പരമൻ ജനകന്റെ പു
(പിന്നെ.
"ദാഹിച്ചിടുന്നതിവ"നെന്നരുൾചെയ്തു

ക്ഷണമരികൾ ചൊരുക്കാഞ്ചേന്നു
നീപ്പുത്തിയേ ഞാ-
ങ്ങണവടിയിലുറപ്പിച്ചിട്ടു
മേല്പോട്ടു പൊക്കി
ഗുണഗണനിധിയാകും ദൈവ
പുത്രൻ തദാ വാ-
ഞ്ഛണയുവൊരതിൽനിന്നും തർഷ
നാശം വരുത്തി.

സുവൃത്തരാകാൻവഴിമർത്ത്യരെത്തൻ-
പ്രവൃത്തിയാൽ കാട്ടി; മനസ്സിലേവം
പ്രവൃദ്ധമാംതൃപ്തിയൊടോർത്തിടുംപോൽ
"നിവൃത്തിയാ"യെന്നഥ ചൊല്ലിയേശു.

"അനഘപര! മദീയാത്മാവി
നേ ഞാനിതാമൽ-
ജനക! തവ കരാംഭോജത്തി
ലേല്പിച്ചിടുന്നു;"
വിനയമൊടഭിഷിക്തൻ പിമ്പി
തിൻവണ്ണമുച്ച-
സ്വനമൊടുമരുളിത്തൻ ജീവ
നെസ്സന്ത്യജിച്ചു.

# ദൈവമാതാവും യാക്കോബായ വിശ്വാസവും.

(റവ. ഫാദർ പ്ളാസിഡ് സി. ഡി.)

V.

പശ്ചിമസുറിയാനികുർബാനയിൽനിന്ന് താഴെ ഉദ്ധരിക്കുവാൻ പോകുന്ന ഭാഗങ്ങൾ യാക്കോബായക്കാർ ഇതേവരെ അവരുടെ തെക്സ്സോയിൽനിന്നു മാററിക്കളഞ്ഞിട്ടുണ്ടെന്നു തോന്നുന്നില്ല.

ഹോകന്നോ ശാറീറോയീസ്സ ഹാശ്ശൂ മെൽസോ ഓലോഹോ ബാബുസർ (ഇപ്രകാരം ദൈവമായ വചനം സത്യമായി മാംസത്തിൽ പീഢസഹിച്ചു)...വെസ്സപാറാശസ്സ നഫ്ശെ മേൻ പാഗറെ (അവിടുത്തെ ആത്മാവ് ശരീരത്തിൽ നിന്നു വേർപെട്ടു) കാദ്ദ് ഓലോഹൂസെ ലോസോക് ഏസ്സപാറാശസ്സ ലോമെൻ നഫ്ശെ ഓലോ മേൻ പാഗറെ (എന്നാൽ അവിടുത്തെ ദൈവത്വം ആത്മാവിൽനിന്നോ ശരീരത്തിൽനിന്നോ യാതൊരുപ്രകാരവും വേർപെട്ടില്ല)... വെസ്സദാക്കർ ദാപ്പന്നെ ബ്ലൂക്കോയിത്തോ വറുദോവ്വ മേന്നെ ദാമോ ഓമായോ (അവിടുത്തെ വിലാവു കുന്തത്താൽ തുറക്കപ്പെട്ടു. അതിൽനിന്ന് ചോരയും വെള്ളവും ഒഴുകി.) മീസ്സ ബ്രോ ബാസ്സ്ത്തീപ്ലോ (പുത്രൻ കുരിശിൽ മരിച്ചു) വേദസോസ്സ നഫ്ശെ വെസ്സ ഹായാദെസ്സ അംപഗറെ (അവിടുത്തെ അത്മാവു വന്ന് ശരീരത്തോടുയോജിച്ചു) വല്യയൗ മോ ത്ളീസോയോ കോം (മൂന്നാംദിവസം ഉയിർത്തു.)

ദൈവം പീഡ സഹിച്ചതു മാംസത്തിലാണെന്നു തിരിച്ചുപറഞ്ഞിരിക്കുന്നതിൽ നിന്ന് ദൈവസ്വഭാവമല്ല മനുഷ്യസ്വഭാവമാണ് പീഡ സഹിച്ചതെന്നു സിദ്ധിക്കുന്നു. മ്ശിഹായിൽ ദൈവമനുഷ്യസ്വഭാവങ്ങൾ കലർച്ചകൂടാതെ നില്ക്കുന്നു എന്നല്ലേയോ ഇതിന്റെ അർത്ഥം? ആത്മാവു ശരീരത്തിൽനിന്നു വേർപിരിഞ്ഞെങ്കിലും, ദൈവത്വം രണ്ടിൽനിന്നും വേർപിരിഞ്ഞില്ലെന്നു തെക്സ്സായിൽ കാണുന്നു. ആത്മാവും ശരീരവും ദൈവസ്വഭാവവും ഉള്ള മ്ശിഹായിക്കു ഒരു സ്വഭാവമേയുള്ളു എങ്കിൽ പരസ്പരം വേർപിരിഞ്ഞ ആത്മശരീരങ്ങളോടുകൂടെ വിഭജിക്കപ്പെട്ട ദൈവസ്വഭാവമാണോ ഉണ്ടായിരുന്നതു്? ദൈവസ്വഭാവം വിഭജിക്കപ്പെടുവാൻ പാടില്ലാത്തതിനാ

ൽ പരസ്പരം വേർപിരിഞ്ഞ ആത്മശരീരങ്ങളുടെ സ്വഭാവം ദൈവത്വത്തിൽ നിന്നു വ്യത്യസ്തമായിരിക്കണം. മറ്റു വാക്കായിപ്പറഞ്ഞാൽ മ്ശിഹായിൽ ദൈവസ്വഭാവവും മനുഷ്യസ്വഭാവവും ഉണ്ട്. വിലാവിൽ നിന്നൊഴുകിയ ചോരയും വെള്ളവും ദൈവസ്വഭാവത്തിന്റെ ആകുവാൻ പാടില്ല, മനുഷ്യസ്വഭാവത്തിന്റെ ആയിരിക്കണം. പുത്രൻ കുരിശിൽ മരിച്ചതും മനുഷ്യസ്വഭാവത്തിലാകുവാനെ പാടുള്ളു. ആത്മാവു ശരീരത്തോടു യോജിച്ചപ്പോൾ മ്ശിഹാ ഉയിർത്തു; ദൈവത്വം മരിക്കുകയൊ ആത്മശരീരങ്ങളിൽ നിന്നു വേർപിരികയൊ ചെയ്തില്ല. ആകയാൽ ആത്മാവും ശരീരവും തമ്മിൽ യോജിച്ചപ്പോൾ ഉയിർത്തതു് ദൈവത്വമല്ല, മനുഷ്യസ്വഭാവമാണ്. മ്ശിഹായിൽ രണ്ടു സ്വഭാവമുണ്ടെന്നു വീണ്ടും തെളിയുന്നു, ഇതിൽ നിന്നു മറിയത്തിന്റെ സ്വഭാവം (മനുഷ്യസ്വഭാവം) മിശിഹായിക്കുണ്ടെന്നും മിശിഹാ ദൈവ ആളാകയാൽ മറിയം ദൈവമാതാവാണെന്നും വിശദമാകുന്നു. ഏകസ്വഭാവവാദം എങ്ങിനെ സാധൂകരിക്കാമെന്നു മനസ്സിലാകുന്നില്ല. ഏകസ്വഭാവവാദം ഉത്ഭവിക്കുന്നതിനു മുമ്പാണ് പ്രസ്തുത പശ്ചിമസുറിയാനി ആരാധനക്രമം ഉണ്ടായതെന്നും, ഏകസ്വഭാവവാദം ഒരു നവീന പാഷണ്ഡതയാണെന്നും കണ്ടുപിടിക്കുവാൻ ചരിത്രപാരായണം ധാരാളം മതിയാകുന്നതാണ്.

ഏകസ്വഭാവവാദികൾ നെസ്തോറിയങ്കാരെ ശപിക്കുന്നതിൽ വളരെ ഔത്സുക്യം പ്രദർശിപ്പിക്കാറുണ്ടെങ്കിലും, നെസ്തോറിയങ്കാർക്കു പറ്റിയ അബദ്ധം തന്നെ തങ്ങൾക്കും പറ്റിയിരിക്കുന്നതായി മനസ്സിലാക്കുന്നില്ല. സ്വഭാവവും ആളും ഒന്നു തന്നെ എന്നു വിചാരിച്ചുകൊണ്ടു രണ്ടു സ്വഭാവമുള്ളടത്തു് രണ്ടാളും ഉണ്ടു് എന്നു് നെസ്തോറിയങ്കാർ അനുമാനിച്ചു. തിരുസ്സഭ ഈ ഉപദേശത്തെ ശപിക്കുകയും മ്ശിഹായിൽ ഒരാൾ മാത്രമെന്നു പ്രഖ്യാപനം ചെയ്യുകയും ചെയ്തു. ആളും സ്വഭാവവും ഒന്നുതന്നെയെന്നു കരുതിയിരുന്ന എവുത്തിക്കീസു പ്രഭൃതികൾ ഒരാളുള്ളടത്തു ഒരു സ്വഭാവം മാത്രമെന്നു് അനുമാനിച്ചു. ഇതു തന്നെയല്ലയൊ നെസ്തോറിയങ്കാർക്കും പറ്റിയ അബദ്ധം? വെളിപാടിൽ നിന്നു സിദ്ധിക്കുന്ന പരമതത്വങ്ങൾ തത്വശാസ്ത്രത്തോടുയോജിച്ചിരിക്കേണ്ടതാണെന്നു മനസ്സിലാക്കിയിരുന്നുവെങ്കിൽ ഈ വക അബദ്ധങ്ങളിൽ അവർ ചെന്നു ചാടുകയില്ലായിരുന്നു. സ്വഭാവത്തിന്റെയും ആളിന്റെയും എണ്ണം ഒരുപോലെയാണെങ്കിൽ, എത്രയും പരിശുദ്ധ ത്രിത്വത്തിൽ ഒരു സ്വഭാവവും മൂന്നു ആളുകളും എങ്ങിനെയുണ്ടായി? ഇതു നാം വെളിപാടിൽ നിന്നറിയുന്ന സത്യമല്ലയൊ? എന്നാൽ നെസ്തോറിയങ്കാരുടെയും ഏകസ്വഭാവവാദികളുടെയും സിദ്ധാന്തപ്രകാരം സ്വഭാവവും ആളും സർവ്വപ്രകാരേണ ഒന്നു തന്നെയാണെങ്കിൽ, ത്രിത്വമില്ലെന്നൊ, മൂന്നു ദേവന്മാരുണ്ടെന്നൊ സമ്മതിക്കേണ്ടിവരും! ഏകസ്വഭാവവാദികൾ ഇതു മനസ്സിലാക്കി ഏകസ്വഭാവവാദം ഉപേക്ഷിക്കാത്തതു് എന്തു കൊണ്ടായിരിക്കും?

പ. ക. മറിയം ദൈവമാതാവാണെന്നു വിശ്വസിക്കുന്നവർ ഏകസ്വഭാവ വിശ്വാസം പാടെ ഉപേക്ഷിക്കണം. ഈ രണ്ടുവിശ്വാസങ്ങളും പരസ്പരവിരുദ്ധങ്ങളാണെന്നു് മുകളിൽ തെളിയിച്ചിട്ടുണ്ടല്ലൊ. മറിയം സാക്ഷാൽ ദൈവമാതാവാണെങ്കിൽ, ഈശോമ്ശിഹാ സാക്ഷാൽ മനുഷ്യനും സാക്ഷാൽ ദൈവവും ആണ്. ഈശോമ്ശിഹാ ദൈവം കൂടി അല്ലെങ്കിൽ മറിയം സാക്ഷാൽ ദൈവമാതാവാകുകയില്ല. മറിയം സാക്ഷാൽ ദൈവമാതാവാണെന്നു് അപ്പേസ്സൂസ്സ സൂനഹദോസിന്റെ ഒരുമിച്ച് യാക്കോബായക്കാർ വിശ്വസിക്കുന്നില്ലയൊ? ഏക സ്വഭാവവിശ്വാസം പ്രസ്തുത സൂനഹദോസിന്റെ ശേഷം മാത്രം ഉത്ഭവിച്ച ഒരു നവീന പാഷണ്ഡതയാണെന്നു് ഇനിയെങ്കിലും അവർ മനസ്സിലാക്കിയിരുന്നെങ്കിൽ അവർ അപ്പേസ്സൂസ്സ സൂനഹദോസിനെ കുറെ കൂടി കൂടുതലായി മതിക്കുമായിരുന്നു. എന്നാൽ കാര്യം മനസ്സിലാകാ

ത്തെയും പഴയ വിശ്വാസം പരിത്യജിക്കാതെയും അതിനു വിരുദ്ധമായ പുതിയ പഠനം കണ്ണുമടച്ചു സ്വീകരിക്കുകയാണ് ഇപ്പോൾ അവർ ചെയ്തിരിക്കുന്നതു്.

രണ്ടു സ്വഭാവവും കൂടി ഒന്നായതെങ്ങിനെയെന്നും മററും മുട്ടിച്ചു ചോദിക്കുന്നവരോടു അതൊന്നും ബുദ്ധിയിലടങ്ങുകയില്ലെന്നാണ് ഇപ്പോൾ യാക്കോബായക്കാർ പറയാറുള്ള സമാധാനം. ബുദ്ധിയിൽ അടങ്ങുന്നില്ല എന്നതും ബുദ്ധിക്കു വിരുദ്ധമാണ് എന്നതും ഒന്നുതന്നെയാണെന്നു ഇവർ കൂട്ടർ വിചാരിക്കുന്നതായി തോന്നിപ്പോകുന്നു. ബുദ്ധിയിൽ അടങ്ങാത്തതാണെന്നുള്ള ന്യായം പറഞ്ഞുകൊണ്ടു് ആരെങ്കിലും എന്തെങ്കിലും അബദ്ധം പുറപ്പെടുവിച്ചാൽ അതും സ്വീകരിക്കുവാൻ യാക്കോബായക്കാർക്കു ഒരുക്കമുണ്ടോ? ഏക സ്വഭാവവിശ്വാസം അപ്പേസ്തൂസ്സ സൂനഹദോസിനു ശേഷം ഉത്ഭവിച്ച ഒരു പാഷണ്ഡതയാണെന്നു മനസ്സിലാക്കിയശേഷം ബുദ്ധിക്കു വിരുദ്ധമല്ലാത്തതും വേദപുസ്തകത്തിലും പിതാക്കന്മാരുടെയും സൂനഹദോസുകളുടെയും പഠനങ്ങളിലും അടങ്ങിയിരിക്കുന്നതും, ശ്ലീഹന്മാരിൽ നിന്നു പരമ്പരയാ നമുക്കു സിദ്ധിച്ചിരിക്കുന്നതും, മലങ്കരസഭയുടെ പുരാതന രേഖകളിൽ പ്രസ്പഷ്ടമായിക്കാണുന്നതുമായ ആ വിശ്വാസം - മ്ശിഹായിൽ രണ്ടു സ്വഭാവമുണ്ടെന്നുള്ള വിശ്വാസം— ദൈവവാക്യത്തെ ആധാരമാക്കി വിനയപുരസ്സരം സ്വീകരിച്ചുകൊണ്ടു്, പരിശുദ്ധകന്യകമറിയം സാക്ഷാൽ ദൈവമാതാവാണെന്നു് മലങ്കര യാക്കോബായ സഹോദരങ്ങൾ യുക്തിപൂർവ്വം വിശ്വസിച്ചു പ്രവർത്തിക്കുന്ന കാലം ആസന്നമായിരിക്കുന്നെന്നു വിശ്വസിക്കട്ടെയോ?

# ദിവ്യകാരുണ്യകൊന്ത.

(ദിവ്യശ്രീ പുറക്കരിയിൽ തോമ്മാകത്തനാർ.)



ദിവ്യരക്ഷകന്റെ മുപ്പത്തിമൂന്നു വർഷത്തെ ലോകജീവിതത്തെ അനുസ്മരിപ്പിക്കുന്ന ഒരു ജപമാലയാണിതു്. ഈ കൊന്തയ്ക്കു ൩൩ മണികൾ വേണം.

ആദ്യംതന്നെ അതൃപ്തിക്കുടുത്ത ദിവ്യകാരുണ്യസ്വീകരണത്തിന്റെ ഒരു പ്രകരണം ചൊല്ലണം. „എന്റെ ഈശോയെ! വി. കുർബാനയിൽ അങ്ങേ ഉൾക്കൊള്ളുവാൻ ഇപ്പോൾ എനിക്കു വഹിയാതിരിക്കുന്നതുകൊണ്ടു അതൃപ്തിക്കുടുത്ത വിധത്തിൽ എന്റെ ഹൃദയത്തിലേക്കു എഴുന്നള്ളിവന്ന് അതിനെ നിത്യമായി അങ്ങേയ്ക്കു സ്വന്തമാക്കി കൊള്ളണമെ. „

കൊന്തയുടെ ഓരോമണിക്കും ചൊല്ലേണ്ടതു്.

ദിവ്യകാരുണ്യ ഈശോയേ! ഞങ്ങളുടെ മേൽ അനുഗ്രഹിക്കണമെ.

ഈ സുകൃതജപം ചൊല്ലുന്ന ഓരോ തവണയ്ക്കും ൩൦൦ ദിവസത്തെ ദണ്ഡവിമോചനം അനുവദിക്കപ്പെട്ടിട്ടുണ്ട്.

വ്യാഴം, വെള്ളി, എന്ന ദിവസങ്ങളിൽ അർപ്പിക്കപ്പെടുന്ന ദിവ്യപൂജകളിലെല്ലാം ദിവ്യകാരുണ്യകൊന്ത ദിവസംതോറും ജപിക്കുന്നവർക്കു പ്രത്യേക പങ്കുണ്ടായിരിക്കും.

ഈ കൊന്ത എല്ലാവൈദികർക്കും ആശീർവദിക്കാവുന്നതാണ്.

ഈ ദിവ്യകാരുണ്യക്കൊന്ത ഏതുസ്ഥലത്തും ഏതുസമയത്തും എത്തിക്കാവുന്നതും പരിശുദ്ധ പിതാവ് ൧൦-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് ൧൯൧൧ മെയ് ൩൦-ാംനു ഈ ഭക്തകൃത്യത്തെ അംഗീകരിച്ചിട്ടുള്ളതുമാകുന്നു.

## ക്രിസ്തുവിൻെറ കാലത്ത്

# യൂദയാരാജ്യത്തിൻെറ സ്ഥിതി.

(ശ്രീമാൻ മയ്യനാട്ടു എ. ജോൺ ബി.എ.)

ദിവ്യരക്ഷകനും ക്രിസ്തുമത സ്ഥാപകനുമായ ക്രിസ്തുവിൻെറ ജന്മഭൂമിയാകാനുള്ള മഹാഭാഗ്യം സിദ്ധിച്ചത് ഏഷ്യായുടെ വടക്കപടിഞ്ഞാറെ ഭാഗത്തു കിടക്കുന്ന പാലസ്റ്റായിൻരാജ്യത്തിലെ യൂദയാദേശത്തിനാണ്. ക്രിസ്തുവിൻെറ കാലത്തു യൂദയാനാട്ടിൻെറ മഹിമയെല്ലാം നശിച്ചിരുന്നു. ഇസ്രായേൽ രാജാക്കന്മാരുടെസൽഗുണങ്ങളും അവരുടെ മഹിമയോടു കൂടിത്തന്നെ നാമാവശേഷമായിപ്പോയി. ഭരണാധികാരികളുടെ അനൈകമത്യവും, ബലഹീനതയും, നാട്ടിലെ അന്തഃഛിദ്രങ്ങളും ഹേതുവായി രാജ്യം അന്യാധീനപ്പെട്ടു. യൂദയാരാജ്യത്തിൻെറ സ്വാതന്ത്ര്യഭരണം അവസാനിച്ചു. ഇസ്രായേൽജനത്തിൻെറ പാരതന്ത്ര്യം ആരംഭിച്ചു. പോംപെ, സീസർ തുടങ്ങിയ റോമാസേനാനായകന്മാർ ദുർബലമായിരുന്ന പാലസ്റ്റയിൻരാജ്യത്തെ ആക്രമിച്ചു, റോമാസാമ്രാജ്യത്തോടുചേർത്തു. റോമാക്കാരുടെ സഹായത്തോടെ അന്തിപ്പേത്തറിൻെറ മകനായ ഹെറോദേസ് ക്രിസ്തുവിനു 37 കൊല്ലങ്ങൾക്കുമുമ്പു പ്രതിപക്ഷികളെയെല്ലാം തോല്പിച്ചു യൂദയായിലെ രാജാവായി അഭിഷിക്തനായി. ഈ ഹെറോദേസ് ശേഷിമാനായിരുന്നുവെങ്കിലും, അതിദുഷ്ടനും ക്രൂരനുമായിരുന്നു. പ്രതിപക്ഷികളുടെവംശത്തെ സമൂലഛേദം ചെയ്യുന്നതു വരെ അവൻ അശ്രാന്തനായിരുന്നു. അവൻെറ ചാർച്ചക്കാരെപ്പോലും - ഭാര്യയേയും മക്കളെയും പോലും - അവിശ്വാസംകൊണ്ടു അവൻ സംഹരിച്ചു. പ്രതിപക്ഷത്തിലുള്ള സ്ത്രീപുരുഷന്മാർ ആബാലവൃദ്ധം അവൻെറ കോപാഗ്നിക്കും സംശയവിഷയത്തിനും ഇരയായിത്തീർന്നു. അവൻെറ ഇത്തരം ഘോരകൃത്യങ്ങളുടെ ഭയംകരത അവർണ്ണനീയമായിരുന്നു. യഹൂദന്മാരുടെ അവഹേളനത്തിനും ശാപത്തിനും അവൻപാത്രമായി. പൂർവ്വാചാരപരന്മാരായ അവർക്കു റോമ്മാക്കാരുടെ ആധിപത്യത്തിൽ നിന്നുസംക്രമിച്ച പുതിയഏർപ്പാടുകളും നടപടികളും ഒട്ടും ഇഷ്ടമായിരുന്നില്ല. മുപ്പത്തിനാലു സംവത്സരക്കാലം ഈരാജാവു, തൻെറ അന്യായയുക്തമായ ഭരണാധികാരത്തിൻെറയും അവരുടെ സ്വാതന്ത്ര്യനാശത്തിൻെറയും സ്മരണയെ ജനങ്ങളിൽ നശിപ്പിക്കുന്നതിനു നിഷ്ഫലമായിപരിശ്രമിച്ചു. അവൻെറ ഓരോപ്രവൃത്തിയും അവർ സ്വാതന്ത്ര്യവിഹീനരാണെന്നു അവരെ ഓർമ്മിപ്പിച്ചതേയുള്ളു.

ഈ വിനാശകാലത്തു യഹൂദസ്ഥാപനങ്ങളിൽ ഒന്നു മാത്രമേ ഹെറോദേസിൻെറ കൈയിൽ അകപ്പെടാതെസജീവമായിരുന്നുള്ളു. ഇതുമോശയാൽ സ്ഥാപിതമെന്ന് വിചാരിക്കപ്പെടുന്ന സെൻഹെദ്രീൻ എന്നമഹാജനസഭയായിരുന്നു. രാജ്യവംശത്തിൻെറ അധോഗതിയും നാട്ടിൽ പൊതുവെയുള്ള കുഴപ്പവുംനിമിത്തം ഈജാതീയസഭക്കു സ

ർവ്വാധിപത്യം ലഭിച്ചു. നിയമങ്ങളെ വ്യാഖ്യാനിയ്ക്കു, പ്രധാനപ്പെട്ട കേസുകളെവിസ്തരിയ്ക്കു, രാജ്യഭരണത്തെ പര്യവേക്ഷണം ചെയ്യുക ഇവയായിരുന്നുപ്രസ്തുത സഭയുടെ പ്രധാനകൃത്യങ്ങൾ. ഒരേസമയത്തു അതുയൂദയായിലെ പ്രജാസഭയും നീതിന്യായ മേൽക്കോടതിയും വിദ്യാഭ്യാസനിയാമകവുമായിരുന്നു. അതിലെ 71 സാമാജികന്മാർ ജനങ്ങളുടെ മൂന്നുവിഭാഗങ്ങളുടെയും പ്രാതിനിധ്യം വഹിച്ചിരുന്നു. പുരോഹിതന്മാർ, നിയമപണ്ഡിതന്മാർ, വയോധികന്മാർ (ഓരോ വർഗ്ഗത്തിലെയും വൃദ്ധന്മാരിൽനിന്നു തിരഞ്ഞെടുക്കപ്പെട്ടവർ) ഇവരായിരുന്നു അതിലെഅംഗങ്ങൾ. 400 കൊല്ലക്കാലം ഈസഭയ്ക്കു പരിപൂർണ്ണാധികാരമുണ്ടായിരുന്നു. ഹെറോദേസ് അതിൻെറ അധികാരം കുറയ്ക്കുന്നതിനു ശ്രമിച്ചുവെങ്കിലും, അവൻെറ കാലത്തും കാലശേഷവും പ്രാബല്യത്തിനു വലിയ കുറവുകൂടാതെ തന്നെ അതു വർത്തിച്ചുവന്നു.

ഇസ്രായേൽ ജനത്തിൻെറ രാഷ്ട്രീയകാര്യസ്ഥിതിമാത്രമല്ല, അവരുടെ മതവും സന്മാർഗ്ഗവുംകൂടി ഏററവും ശോചനീയമായനിലയിൽ ആയിപ്പോയി. സ്ക്രൈബ്സ് (Scribes) എന്നുപറയുന്ന നിയമപണ്ഡിതന്മാർ ജനങ്ങളുടെ ഇടയിൽ സർവ്വപ്രധാനന്മാരായി. മതതത്വങ്ങളും സന്മാർഗ്ഗവിധികളും ഇവരുടെ ഏററവും ശുഷ്കവും ഫലശൂന്യവും ആയ വ്യാഖ്യാനങ്ങൾക്കധീനപ്പെട്ട നിരർത്ഥകങ്ങളായിത്തീൎന്നു. അക്കാലത്തെ യഹൂദജനങ്ങളുടെ ജീവിതരീതിയും സന്മാർഗ്ഗസ്ഥിതിയും അറിയുന്നതിനു്, ഫരീസ്യന്മാർ, സദൂച്യർ, എസ്സേനികൾ എന്ന മൂന്നുകൂട്ടരെയും പരിചയപ്പെട്ടാൽ മതിയാകും. ഫരീസ്യന്മാർ ആദ്യകാലത്തു പുണ്യത്തിലും ഭക്തിയിലും ഏററവും ശുഷ്കാന്തിയോടുകൂടി ജീവിച്ചവരായിരുന്നു. പാപമയമായ ലോകത്തിൽപെടാതെ വേർതിരിഞ്ഞു ഒരു പ്രത്യേകജീവിതം നയിയ്ക്കണമെന്നായിരുന്നു അവരുടെ ആദ്യത്തെ വ്രതം. സദൂച്യർ ലൌകികസുഖവും അധികാരവും കാംക്ഷിച്ച ഒരുകൂട്ടം ആളുകളായിരുന്നു. ഫരീസ്യരുടെ വ്രതവും നിഷ്ഠയും അവർ വെറും ഭ്രാന്തായിഗണിച്ചു. ഈ മതാസക്തന്മാരുടെ നിയമങ്ങളുംനടപടികളും അവർ നിഷേധിക്കയും ആക്ഷേപിക്കയും ചെയ്തു. രണ്ടുകൂട്ടരും ക്രമേണ ഒരുപോലെ അധമന്മാരായിത്തന്നെതീൎന്നു. ഇതരമതസ്ഥന്മാരുടെ സംസർഗ്ഗവും സാഹചാര്യവും കൊണ്ടു സദൂച്യരുടെ വിശ്വാസം ദുർബലപ്പെട്ടുകയും, റോമായിലും മററും പ്രചാരത്തിലിരുന്ന സുഖഭോഗതത്വങ്ങൾഅവരുടെ ഇടയിൽ കടന്നുകൂടുകയും ചെയ്തു. അവർ ഒരുസ്രഷ്ടാവായ ദൈവത്തിൽ വിശ്വസിച്ചെങ്കിലും, ലോകവ്യവഹാരങ്ങളിൽ ദൈവത്തിനു എന്തെങ്കിലും കാര്യമുള്ളതായിഅവർ വിചാരിച്ചില്ല. ദിവ്യപ്രമാണങ്ങളെ മനുഷ്യനു നൽകിയശേഷം യഹോവാ നിത്യതയിലേയ്ക്കു അന്തർദ്ധാനംചെയ്യുകയും, മനുഷ്യനെ അവൻെറ അവ്യാഹതവും സ്വാതന്ത്ര്യവുമായ മനസ്സിൻെറ സ്വൈരവിഹാരത്തിന്നായി ഉപേക്ഷിക്കയും ചെയ്തുവെന്നു അവർവാദിച്ചു. ക്രമേണ അവർആത്മാവിൻെറ അമരത്വത്തെയും ശരീരത്തിൻെറ പുനരുത്ഥാനത്തെയും ദൈവദൂതന്മാരുടെ അസ്തിക്യത്തെയും കൂടിനിഷേധിച്ചു. എങ്കിലും യഹോവായുടെ ആചാര്യന്മാരായ ഇവർ വിധിപ്രകാരമുള്ള അവരുടെ മതകർമ്മങ്ങളെ അനുഷ്ഠിയ്ക്കുന്നതിൽ ഭംഗം വരുത്തിയില്ല. ഫരീസ്യരുടെമതപ്രസക്തിയേയും വിശ്വാസദാർഢ്യത്തെയും അവർ അവലപിച്ചുകൊണ്ടുതന്നെ ഇരുന്നു. ഈ പ്രഭുവർഗ്ഗത്തിൻെറ അഴിമതികളോടു ഫരീസ്യർക്കും എല്ലായിപ്പോഴുംവെറുപ്പും ദ്വേഷ്യവും ആയിരുന്നു. വിശ്വാസത്തെ ശിഥിലമാക്കാനുള്ള സദൂച്യരുടെ ശ്രമത്തിനെതിരായി പ്രവർത്തിച്ചു്, ഇസ്രായേൽ ജനത്തിൻെറ വിശ്വാസദൃഢതയെ സംരക്ഷിക്കുന്നതിനു അവർ സദാ ജാഗരൂകന്മാരായിരുന്നു. അവർ മോശയുടെ പ്രമാണങ്ങളെ പലവിധത്തിൽ വ്യാഖ്യാനിയ്ക്കയും, അവരുടെ വ്യാഖ്യാനങ്ങളെല്ലാം ദൈവനിർദ്ദിഷ്ടങ്ങളാണെന്നു് ഗണിയ്ക്കുന്നതിനു ജനങ്ങളോടു നിഷ്കർഷിക്കയും ചെയ്തു. വേ


ദപുസ്തകത്തിന്റെ മൂലഭാഷ ദുൎഗ്രഹമായി ഭവിച്ചിരുന്നതിനാൽ ജനസാമാന്യം ഈ ഫരീസ്യപണ്ഡിതന്മാരുടെ നിൎവ്വചനങ്ങൾ ദൈവവാക്യങ്ങളായിട്ടുതന്നെ സ്വീകരിച്ചു. ഇവരിൽനിന്നു ലഭിച്ച ഈ അറിവിൽ ഇസ്രായേൽക്കാരുടെ അക്കാലത്തെ മതബോധം മുഴുവനും അടങ്ങിയിരുന്നു. അവരുടെ ബോധങ്ങളിൽ വിജ്ഞാനപ്രദങ്ങളായ ചിന്തകളോ, ദൈവത്തെയോ ആത്മാവിനെയോ മനുഷ്യന്റെ പരമോദ്ദേശത്തെയോ നിത്യതയേയോ പററിയുള്ള നിരൂപണങ്ങളോ ഉൾപ്പെട്ടിരുന്നില്ല. സാരശൂന്യങ്ങളായ അനുഷ്ഠാനങ്ങളെപ്പററിയുള്ള തീക്ഷ്ണമായ വാദപ്രതിവാദങ്ങളും, വേദപ്രമാണങ്ങളെപ്പററിയുള്ള നിരൎത്ഥകമായ വ്യാഖ്യാനങ്ങളും മാത്രമായിരുന്നു അവരുടെ മതബോധനങ്ങളിൽ അടങ്ങിയിരുന്നതു്.

ഫരീസ്യരുടെ ആദൎശങ്ങളനുസരിച്ച് ഒരുയഹൂദനുപരിശുദ്ധതയുണ്ടാകണമെങ്കിൽ അവൻ നിയമങ്ങൾ അലംഘനീയങ്ങളായിഉണ്ടായിരുന്നു. ഈ നിയമങ്ങളുടെ ദുർവഹത്വംകൊണ്ടു സദ്ദൂച്യർ അവയെ പരസ്യമായി നിഷേധിച്ചു. ഫരീസ്യന്മാർതന്നെയും കാൎക്കശ്യമേറിയ ആ നിയമങ്ങളെ ബാഹ്യമായിമാത്രമെ അനുഷ്ഠിച്ചൊള്ളൂ. ഉള്ളിലെ കാപട്യത്തെയും വഞ്ചനയെയും ഈ ബാഹ്യമായ അനുഷ്ഠാനങ്ങൾ മറയ്ക്കുകയാണു് ചെയ്യുതു്. അവരുടെ നടത്തയെ ക്രമപ്പെടുത്തുന്നതിനും, ജനസാമാന്യത്തിന്റെ ആദരവിനെ അപഹരിക്കുന്നതിനും, അവൎക്കു ഉപയുക്തങ്ങളായ ചില നിയമവിശേഷങ്ങളുടെ ദോഷഭൂയിഷ്ഠത അവൎണ്ണനീയമത്രെ. ഉദാഹരണമായി, അവരുടെ നടത്തയ്ക്കു ഗൌരവം കൂട്ടുന്നതിനുവേണ്ടി കാലടികളുടെ അകലം ചുരുക്കി പാദങ്ങളെ വേഗം വേഗം വച്ചുവന്നു. ചിലർ സ്ത്രീകളെ ഒരിക്കലും നോക്കുകയില്ലെന്നുള്ള നാട്യത്തിൽ, കണ്ണുകളെ നേരെ ഭൂമിയിൽ പതിപ്പിച്ചുകൊണ്ടു നടക്കുകയും ഭിത്തികളിലും മരങ്ങളിലും മുട്ടുകയും പതിവായിരുന്നു. മററു ചിലർ, കുറേക്കൂടി ഭക്തിനടിച്ചു അവരുടെ തല ചാക്കിൽ പൊതിഞ്ഞു തെരുവുകളിൽ കൂടി കുരുടന്മാരേപ്പോലെ നടന്നു. ഈ ബാഹ്യമായ ആചാരങ്ങളാൽ മറയ്ക്കപ്പെട്ട അഴിമതികളും ദുഷ്പ്രവൃത്തികളും പറഞ്ഞാൽ തീരുകയില്ല. കപടഭക്തി ഫരീസ്യന്മാരുടെ ഇടയിൽ ഒരു ശാസ്ത്രീയമായ കലാവിദ്യയായിത്തീൎന്നു. യൂദയാരാജ്യം ഇത്തരം കപടഭക്തന്മാരെയും ദുൎമ്മാൎഗ്ഗികളെയുംകൊണ്ടു നിറയപ്പെട്ടിരുന്നുവെങ്കിലും, മഹാനുഭാവനായ ഹില്ലെയിലിനെപ്പോലെ പല നല്ല ആളുകളും അക്കാലത്തുണ്ടായിരുന്നതായി സുവിശേഷങ്ങളിൽ കാണുന്നു.

സദ്ദൂച്യരെയും ഫരീസ്യരെയുംകൂടാതെ, എസ്സേനികൾ എന്നൊരുകൂട്ടം പ്രത്യേകതരം ആളുകൾ യൂദയായിൽ ഉണ്ടായിരുന്നു. ഡെഡ്സീയുടെ പടിഞ്ഞാറെ തീരത്തുള്ള മൈതാനങ്ങളിൽ ഇവർ ഒരു പ്രത്യേക സംഘമായി താമസിച്ചിരുന്നു. സ്ത്രീകളും കുഞ്ഞുങ്ങളും ഇവരുടെ കൂട്ടത്തിൽ ഒരിക്കലും കാണപ്പെട്ടില്ല. യുവാക്കന്മാൎക്കുമാത്രമെ—അതും ഒരു ദീൎഘമായ പരിശീലനശേഷം—ആസംഘത്തിൽ പ്രവേശനം ഉണ്ടായിരുന്നുള്ളൂ. വളരെ കൎക്കശമായ ചട്ടങ്ങൾ അവർ അനുഷ്ഠിക്കേണ്ടിയിരുന്നു. പൂൎണ്ണമായ അനുസരണം, നിരാഹാരവ്രതം, സ്വയംകൃതമായ ദേഹദണ്ഡനം ഇവ എല്ലാ അംഗങ്ങൾക്കും നിൎബന്ധിതമായിരുന്നു. ഇവരുടെ ജീവിതരഹസ്യങ്ങൾ എന്തെല്ലാമെന്നു നമുക്കു യതൊരു അറിവുമില്ല. ഈ സംഘത്തിന്റെ രഹസ്യങ്ങൾ വെളിക്കുപറഞ്ഞുകൂടായെന്ന ഒരു കഠോരമായ നിയമം എല്ലാ അംഗങ്ങളുടെയുംവായ് പൂട്ടിയിരുന്നു. അവർ സൂൎയ്യനെ ആരാധിച്ചിരുന്നുവെന്നും, ഒരു അദൃശ്യമായ ആത്മാവിൽ വിശ്വസിച്ചിരുന്നുവെന്നും, മാംസം വെറുത്തിരുന്നുവെന്നും മാത്രമെ അവരെപ്പററി നമുക്കു അറിയാവൂ. ഈ സംഘം ദീൎഘകാലം നിലനിന്നില്ല. അവരുടെ ആദൎശങ്ങൾക്കു ജനരഞ്ജന ഇല്ലാതിരുന്നതുകൊണ്ടു, ഇസ്രായേലിലെ ജനസാമാന്യത്തിന്റെ ഇടയിൽ അവൎക്കു വലിയ പ്രചാരവും പ്രേരണാശക്തിയുമുണ്ടായിരുന്നില്ല.

ആകാലത്തു എഴുതപ്പെട്ട ഗ്രന്ഥങ്ങളിൽനിന്നു യഹൂദജനതതിയുടെ ആശയങ്ങളും വിചാരങ്ങളും സ്പഷ്ടമാകുന്നു. താല്ക്കാലികസ്ഥിതിയിലുള്ള അസംതൃപ്തിയും, കുറെക്കൂടി ശ്രേഷ്ഠതരമായ ജീവിതത്തിനുള്ള ആശയും യഹൂദന്മാരുടെ ഇടയിൽ സാർവ്വത്രികമായി കാണപ്പെട്ടു. എന്നാൽ ഈ ഉൽകൃഷ്ടതരമായ ജീവിതം ലൌകിക വസ്തുക്കളിലും, ഐഹികസൌഭാഗ്യത്തിലും ഐശ്വര്യത്തിലുമാണ് അവർ തേടിയതു. അവരുടെ വിചാരങ്ങൾ താണതും ആശയങ്ങൾ ഭൌതികവുമായിരുന്നു.

# ഏഴു വ്യാകുലങ്ങൾ.



പരിശുദ്ധ ദൈവജനനിയുടെ ജീവിതകാലം മുഴുവൻ വ്യാകുലം നിറഞ്ഞതായിരുന്നു. എങ്കിലും പ്രധാനമായി ഏഴു വ്യാകുലങ്ങളാണു പറയപ്പെടുന്നതു.

1. ദേവാലയത്തിൽ ദിവ്യശിശുവിനെ കാഴ്ചവെയ്ക്കയിൽ, "ഒരുവാൾ നിന്റെ ഹൃദയത്തെ മുറിപ്പെടുത്തു"മെന്നുള്ള ശെമഓൻ ബാവായുടെ ദീർഘദർശനം.

2. ഹേറോദേസിനെ ഭയന്ന് ഏജീപ്തിലേക്കു ഓടിയൊളിച്ചപ്പോൾ കഴിച്ച ദുഃഖകരമായ യാത്ര.

3. തിരുകുമാരനു പന്ത്രണ്ടു വയസ്സായിരിക്കയിൽ ഓർശലത്തുവച്ചു താൻ കാണാതെ പോയതു്.

4. ഗാഗുൽത്തായിലേക്കു കുരിശും ചുമന്നുകൊണ്ടുള്ള ദിവ്യരക്ഷകന്റെ യാത്രാമദ്ധ്യേ ദയനീയമായ അവസ്ഥയിൽ ദൈവജനനി തന്നെ കണ്ടെത്തിയതു്.

5. ദിവ്യപുത്രന്റെ മരണപ്രമാദനേരത്തു മാതാവു കുരിശിൻ ചുവട്ടിൽ നിന്നതും, ദിവ്യകുമാരന്റെ തിരുവിലാവു കുത്തിത്തുറക്കപ്പെടുന്നതു കണ്ടതും.

6. തിരുക്കുമാരൻെറ തിരുശരീരം കുരിശിൽനിന്നിറക്കി തൻെറ തിരുമടിയിൽ കിടത്തിയതു്.

7. തൻെറ സ്നേഹകുമാരൻെറ തിരുശരീരം കല്ലറയിൽ അടക്കപ്പെട്ടതു.

ഈ വ്യാകുലങ്ങളിന്മേൽ ധ്യാനിച്ചുകൊണ്ടു് എപ്പോഴും പ്രത്യേകിച്ചു ഈ മാസത്തിലും ദൈവജനനിയുടെ നേക്കുള്ള സഹതാപം നാം പ്രദശിപ്പിക്കേണ്ടിയിരിക്കുന്നു.

---

# ആർസിലെ വികാരിയുടെ വേദപാഠക്ലാസ്.

(റവ. ആർ. പി.)

7. ദൈവ വചനം

ദൈവ വചനത്തിൻെറ പ്രാധാന്യം അല്പമെന്നു നിങ്ങൾ തെററിധരിക്കേണ്ട 'നിങ്ങൾപോയിലോകത്തെ പഠിപ്പിക്കുവിൻ' എന്നു ദിവ്യരക്ഷകൻ തന്നെ സ്വന്ത ശിഷ്യന്മാരോടു അരുളിച്ചെയ്തതിൽ നിന്നും ഇതിൻെറ പ്രാധാന്യം വേണ്ടത്ര നമുക്കു ഗ്രഹിക്കാം. നമ്മുടെ മതംതന്നെ നമുക്കു ലഭിച്ചതു് എങ്ങനെ? അതു നാം കേട്ടിട്ടുള്ള ദൈവവചനം വഴിയല്ലയോ? പാപത്തെക്കുറിച്ചു ഭീതിയും, പുണ്യത്തെപ്പററി മതിപ്പും നമ്മിൽ ഉളവാക്കുന്നതെന്തു്? മാത്രമോ? ദൈവരാജ്യത്തിലുള്ള പ്രതീക്ഷ ആർ നമുക്കു നൽകി? കുട്ടികളോടു മാതാപിതാക്കൾക്കും, മാതാപിതാക്കളോടു കുട്ടികൾക്കുമുള്ള കടമകൾനമ്മെ ഉൽബോധിപ്പിക്കുന്നതെന്തു്? എല്ലാം വേദപഠനം അഥവാ ദൈവവചനശ്രവണം തന്നെ. ഇങ്ങനെയെങ്കിൽ അനേക ജനങ്ങൾ വേദകാര്യങ്ങളിൽ അലസരായിരിക്കുന്നതു് എത്ര ശോചനീയം? പലരും വേദപഠനത്തെ അത്രകാര്യമായി കരുതുന്നില്ല. അവശ്യാവശ്യമായ ജപങ്ങൾപോലും അറിയാത്തവർ നമ്മുടെ ഇടയിൽ ഇല്ലെ? ഇവർ എങ്ങനെ തങ്ങൾക്കു ആവശ്യമായ അനുഗ്രഹങ്ങൾ ദൈവത്തിൽ നിന്നും യാചിക്കും?

ദൈവ വചനം വേണ്ടവിധം കേൾക്കാത്തവൻ നിത്യരക്ഷ പ്രാപിക്കയില്ല, നിശ്ചയം. നിത്യരക്ഷയ്ക്കു ആവശ്യമായവ എന്തെന്നറിയാത്തവൻ എങ്ങനെ അതു് പ്രാപിക്കും? എന്നാൽ നേരെമറിച്ച് വേദകാര്യങ്ങളിൽ തീക്ഷ്ണതയുള്ളവനു് പ്രതീക്ഷയ്ക്കു വഴിയുണ്ടു്. അനാശാസ്യമായ മാർഗ്ഗങ്ങളിൽ കൂടിജീവിതം നയിക്കുന്നവനായിരുന്നാൽപോലും ഒരിക്കൽ സൽ പന്ഥാവിനെ അവൻ പ്രാപിക്കുമെന്നതു് നിസ്സംശയമത്രെ. പക്ഷെ അതു ചിലപ്പോൾ വളരെ വൈകിയിട്ടായിരിക്കുമെന്നേയുള്ളു.

നമ്മുടെ ദിവ്യരക്ഷകൻതന്നെ ഈ ദൈവവചനശ്രവണത്തെ എത്രമാത്രം നമ്മോടു് ഉപദേശിക്കുന്നു. 'നിന്നെ വഹിച്ച ഉദരവും, നിനക്കു പാൽനൽകിയ സ്തനങ്ങളും ഭാഗ്യമുള്ളവയത്രെ' എന്നു വിളിച്ചുപറഞ്ഞ സ്ത്രീക്കു "അതെ, എന്നാൽ ദൈവവചനം കേൾക്കുകയും അതിൻപ്രകാരംവർത്തിക്കുകയും ചെയ്യുന്നവർ കൂടുതൽ ഭാഗ്യമുള്ളവരാകുന്നു"എന്നാണു് അവിടുന്നു ഉത്തരം നൽകിയതു്.

പ്രസംഗസമയത്തു് നാം വളരെ ശ്രദ്ധാലുക്കളായിരിക്കേണ്ടതു് ആവശ്യമാണു്. വേദോപദേശസമയത്തെ അശ്രദ്ധയേക്കാൾ കുററകരമാണൊ ദിവ്യപൂജസമയത്തേതെന്നു ഞാൻ സംശയിക്കുന്നു. രണ്ടിനും തമ്മിൽ യാതൊരന്ത

രവുമില്ലെന്നാണ് എന്റെ അഭിപ്രായം. ദിവ്യപൂജസമയത്ത് ദിവ്യരക്ഷകന്റെ പീഡാനുഭവത്തിൽ നിന്നും ലഭിക്കുവാൻ പാടുള്ള അനുഗ്രഹങ്ങളെ നമ്മുടെ അശ്രദ്ധവഴി നാം കൈവിട്ടുകളയുന്നു. വേദപാഠസമയത്താകട്ടെ തന്റെ തിരുവചനങ്ങളേയും നാം നഷ്ടപ്പെടുത്തുന്നു. വേദപാഠസമയത്ത് അശ്രദ്ധയായിരിക്കുന്നത്, പരിശുദ്ധ കുർബാനയെ അവഗണിക്കുന്നതിനു സമമെന്നാണ് വി. അഗുസ്തീനോസും നമ്മോടു ഉപദേശിക്കുന്നത്.

ഞായറാഴ്ച ദിവ്യപൂജയിൽ സംബന്ധിക്കാതിരിക്കുന്നത് വലിയപാപമെന്നു നിങ്ങൾക്കറിയാം. എന്നാൽ, വേദോപദേശത്തിനു ഹാജരാകാത്തത് ഏററം തുഛമെന്നു ചിലർ നിനക്കുന്നു. ഇപ്രകാരം കരുതുന്നതായാൽ നിങ്ങൾ തെററിധരിക്കുന്നു. ദൈവത്തിന്റെ അപ്രീതി നാം സമ്പാദിക്കുന്നത് അധികവും ഈ വഴിക്കാണ്. വിധിദിവസം, നിങ്ങൾ കേട്ടിട്ടുള്ളതും കേൾക്കുവാൻ കടപ്പെട്ടിരുന്നതുമായ സകല പ്രസംഗങ്ങളുടേയും കണക്കു നിങ്ങളോടു ആവശ്യപ്പെടും. ഇപ്പോൾ പ്രസംഗ സമയത്ത് കഴിവുണ്ടെങ്കിൽ ഒളിച്ചോടുവാൻ നിങ്ങൾ നോക്കുന്നു. അതല്ലെങ്കിൽ കൂട്ടുകാരുമായി വർത്തമാനത്തിൽ ആ സമയം വ്യയം ചെയ്യുന്നതിനു നിങ്ങൾ ആഗ്രഹിക്കുന്നു. ഇവക്കെല്ലാം തക്ക സമാധാനം അന്നു നിങ്ങൾ കൊടുക്കേണ്ടിവരും.

ചിലക്കു പ്രസംഗസമയം പോലെ ഉറങ്ങുന്നതിനു പററിയ സമയം വേറെയില്ലാത്തതു പോലെ തോന്നിപ്പോകുന്നു. വളരെ ക്ഷീണമുണ്ടെന്നാണ് അവരുടെ സമാധാനം. എന്നാൽ അതേ സമയം ഞാൻ ഇവിടെ ഒരു പാട്ടുപെട്ടി വായിക്കുകയൊ നല്ല ഒരു പാട്ടു പാടുകയൊ ചെയ്താൽ കാണാം; എല്ലാവരും പിടച്ചെഴുന്നേൽക്കും. അപ്പോൾ നിങ്ങൾക്കു ക്ഷീണവുമില്ല, ഉറക്കവുമില്ല. ആദ്ധ്യാത്മികവിഷയങ്ങളിൽ നിങ്ങൾക്കു അഭിരുചി ഇല്ലെന്നല്ലയൊ ഇതിന്റെ അർത്ഥം.

പ്രസംഗവും വേദപാഠവും കുട്ടികൾക്കല്ലാതെ പ്രായം ചെന്നവക്കു ആവശ്യമില്ലെന്നാണു വേറെ ചിലരുടെ പക്ഷം. ഇവരിൽ പലരും മാതാപിതാക്കളും സ്വസന്താനങ്ങൾക്കു വിശ്വാസസത്യങ്ങൾ ഉപദേശിക്കേണ്ടവരുമാണ്. എന്നാൽ തന്നെത്താൻ പഠിക്കാതെ മററുള്ളവരെ എപ്രകാരം അവർ പഠിപ്പിക്കും? എങ്ങിനെ പഠിക്കുവാൻ ഉപദേശിക്കും? വേറെ ചിലരുണ്ട്; അവക്ക് ഇഷ്ടമുള്ള പ്രാസംഗികനാണെങ്കിൽ അവർ ശ്രദ്ധയോടെ അദ്ദേഹത്തെ കേൾക്കും. അല്ലെങ്കിൽ അദ്ദേഹത്തെ പുഛിക്കുന്നതിനുപോലും മടിക്കയില്ല. പ്രിയപ്പെട്ടവരെ! പ്രസംഗം കേൾക്കുന്നതിനു നിങ്ങൾ പോവുമ്പോൾ പ്രസംഗകർത്താവിനെ കുറിച്ചു നിങ്ങൾ അന്വേഷിക്കയേ വേണ്ട. സ്വന്ത അനുഗ്രഹങ്ങളെ നമ്മെ അറിയിക്കുന്നതിനു ദൈവം ഉപയോഗിക്കുന്ന ഒരു ഉപകരണം മാത്രമാണ് അദ്ദേഹം. നമ്മോടു ഉപദേശിക്കുന്നത് യഥാർത്ഥത്തിൽ ദൈവം തന്നെയാകുന്നു. കുപ്പികളിൽ 'കുനിയിൽ' വെച്ചു എണ്ണപകരുന്നതു നിങ്ങൾ കണ്ടിട്ടില്ലെ? കുനിയിൽ സ്വർണ്ണം കൊണ്ടോ, തകരം കൊണ്ടോ ഉള്ളതാണെന്നിരുന്നാലും കുപ്പികളിൽ വീഴുന്ന എണ്ണക്കു വല്ല വ്യത്യാസവും വരുന്നുണ്ടോ? ഇതുപോലെ തന്നെയാണ് പ്രസംഗത്തിന്റെയും സ്ഥിതി. ഏതു പ്രാസംഗികൻ പ്രസംഗിച്ചാലും ദൈവവചനത്തിനു ഒരു സ്ഥിതിഭേദവും വരുന്നതല്ല. തന്നിമിത്തം പ്രസംഗസമയത്ത് പ്രസംഗകർത്താവിനെക്കാൾ പ്രസംഗവിഷയത്തെയാണ് നാം മതിക്കേണ്ടത്.

വേദപാഠത്തിന്റെ അജ്ഞതയാൽ പലരും മതവിഷയങ്ങളിൽ അന്ധന്മാരായി ജീവിക്കയും അവസാനം നരകത്തിൽ നിപതിക്കയും ചെയ്യുന്നു. മതമെന്നത് എന്തെന്നു അവക്കു ജ്ഞാനമില്ല. മതതത്വങ്ങൾ ഏവയെന്നു അവർ ഗ്രഹിക്കുന്നില്ല. സ്വകൃത്യങ്ങളെ അജ്ഞതയാൽ അവർ ഉപേക്ഷിക്കുന്നു. അന്യമായതുകളെ നിർവ്വഹിക്കുന്നു. മതപഠനം സിദ്ധിച്ചിട്ടില്ലാത്ത പലരുടേയും പുണ്യപ്രവൃത്തികൾ തന്നെ ഫല

പ്പോഴും അന്ധകാരത്തായി പരിണമി ച്ചുപോകുന്നു. ഉദാഹരണമായി ഒരു വേലക്കാരന്റെ ജീവിതം തന്നെ എടുക്കാം. പകൽ മുഴുവൻ പണിയെടുത്താൽ മാത്രമെ അവന്റെ കുടുംബസംരക്ഷണത്തിനു ആവശ്യമായ വക സമ്പാദിക്കുവാൻ അവനു പാടാകയുള്ളു. എന്നാൽ അവൻ അപ്രകാരം ചെയ്യാതെ ദിവസം മുഴുവൻ ധ്യാനത്തിലും ഉപവാസത്തിലും കഴിച്ചാൽ അതു് എത്രവലിയ ഭോഷത്വമാണു്! നമ്മുടെ ജീവിതത്തിനു അനുരൂപമായ നമ്മുടെ കടമകളെ നാം നിർവ്വഹിക്കണം. അവയെ എപ്രകാരം നിർവ്വഹിക്കണമെന്നു അറിയുന്നതിനു അതിനെ കുറിച്ചു നാം പഠിക്കണം. അപ്രകാരം പഠിക്കുന്നതിനുള്ള പോംവഴിയാണു് പ്രസംഗവും വേദപാഠവും. തന്നിമിത്തം, പ്രിയ വിശ്വാസികളെ, പ്രസംഗം കേൾക്കുന്നതിനും, വേദോപദേശക്ലാസിൽ ഹാജരാകുന്നതിനും സദാ നിങ്ങൾ ശ്രദ്ധയുള്ളവരായിരിക്കണം.

# ചോദ്യപ്പെട്ടി.

(എർണാകുളം മിസ്സം.)

ചോദ്യം ൧. നല്ലകുമ്പസാരം കഴിച്ചു് ദിവ്യകാരുണ്യം ഉൾക്കൊണ്ടശേഷം വിശുദ്ധ കുർബാനയുടെ സന്നിധിയിൽ വച്ചു എത്തിക്കുന്ന ഓരോ അമ്പത്തുമൂന്നുമണിജപത്തിനും 11-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു പൂർണ്ണദണ്ഡവിമോചനം കല്പിച്ചുനൽകിയിട്ടുണ്ടല്ലോ. ഈ പൂർണ്ണദണ്ഡവിമോചനം എപ്പോഴെല്ലാം, എവിടെയൊക്കെവെച്ചു്, എത്ര പ്രാവശ്യം പ്രാപിക്കാവുന്നതാണു്?

ഉത്തരം. (എ) സമയം: എപ്പോഴെങ്കിലും ഈ ദണ്ഡവിമോചനം പ്രാപിക്കുവാൻ പാടുണ്ടു്.

(ബി) സ്ഥലം: ദിവ്യകാരുണ്യം സൂക്ഷിക്കപ്പെട്ടിരിക്കുന്ന എല്ലാദേവാലയങ്ങളിലും, പരസ്യങ്ങളൊ രഹസ്യങ്ങളൊ ആയ എല്ലാ കപ്പേളകളിലുംവെച്ചു് ഇതു പ്രാപിക്കുവാൻ പാടുണ്ടു്.

(സി) തവണ: എത്തിക്കുന്ന ഓരോ പ്രാവശ്യവും എന്നു തിരുവെഴുത്തിൽ പറഞ്ഞിരിക്കകൊണ്ടു് ഒരു ദിവസത്തിൽ തന്നെ പലതവണ ഇതു കൈക്കൊള്ളാവുന്നതാണു്.

ചോദ്യം ൨. ഇതു പ്രാപിക്കുവാൻ വിശ്വാസികൾ ചെയ്യേണ്ട സുകൃതപ്രവൃത്തികൾ എന്തെല്ലാം?

ഉത്തരം. ഇവ താഴെ കാണിക്കുന്നവയാകുന്നു.

(എ) ശു. കുർബാനയുടെ മുമ്പാകെ മുഴുവൻ കൊന്തയുടെ മൂന്നിലൊരു ഭാഗം എത്തിക്കുക എന്നതു്: ഈ പൂർണ്ണദണ്ഡവിമോചനം ലഭിക്കുവാൻ ഇതു ഏററവും ആവശ്യമാകകൊണ്ടു് കുമ്പസാരക്കാരനുകൂടി ഇതിനെ വേറൊരു സുകൃതപ്രവൃത്തിയായി മാററിക്കൊടുക്കുവാൻ വഹിയാ. ൧൩-ാം ലെയോൻ മാർപ്പാപ്പായുടെ വിവരണമനുസരിച്ചു്, മുഴുവൻ കൊന്ത എന്നു പറയുന്നതു പതിനഞ്ചു വീതം പതിനഞ്ചു് പ്രാവശ്യം 'നന്മനിറഞ്ഞ മറിയമെ' എന്ന നമസ്കാരം ഓരോ പതിപ്പത്തിനുമിടയ്ക്കായി ഓരോ 'ആകാശങ്ങളിലിരിക്കുന്ന' എന്ന ജപം ചേർത്തു നമ്മുടെ രക്ഷയെ സംബന്ധിക്കുന്ന രഹസ്യങ്ങളെ ധ്യാനിച്ചുകൊണ്ടു് ചൊല്ലുക എന്നതാണു്. ഇതിന്റെ മൂന്നിലൊരുഭാഗമാകുന്നു പൂർണ്ണദണ്ഡവിമോചനം പ്രാപിക്കുന്നതിന്നായി നാം ചൊല്ലേണ്ടതു്. ആകയാൽ (൧) വെഞ്ചരിച്ചതോ ദോഷപ്പൊറുതിയോടുകൂടിയതോ ആയ കൊന്ത ഉപയോഗിക്കണമെന്നില്ല. ഈ ദോഷപ്പൊറുതി പ്രാപിക്കുവാനായി കൊന്ത ഉപയോഗിക്കുമ്പോൾ അതിനുള്ള മററു

ദോഷപൊറുതികൾ പ്രാപിക്കാവുന്നതല്ല. (വ) വെഞ്ചരിച്ച കൊന്ത വേണ്ടായെന്നിരിക്കെ കൊന്ത കയ്യിൽ പിടിക്കേണ്ട ആവശ്യം തന്നെ ഉണ്ടോ എന്നു തോന്നുന്നില്ല. നിശ്ചയിച്ചിരിക്കുന്ന പ്രാൎത്ഥനകളുടെ എണ്ണം വേണ്ട വിധത്തിൽ തികച്ചാൽ മാത്രം മതിയാകും. (ന) എന്നാൽ നമ്മുടെ രക്ഷയെ സംബന്ധിക്കുന്ന രഹസ്യങ്ങളെക്കുറിച്ചുള്ള ഭക്തിയായ ധ്യാനം അത്യാവശ്യമായിരിക്കുന്നു. ഇതു കൊന്തയുടെ പതിപ്പത്തുവീതമുള്ള ഓരോ ഭാഗത്തിന്നും ഒന്നുകിൽ 'ആകാശങ്ങളിലിരിക്കുന്ന' നമസ്കാരത്തിനു മുമ്പായൊ അല്ലെങ്കിൽ 'നന്മനിറഞ്ഞമറിയം' എന്ന നമസ്കാരത്തിനു മുമ്പായൊ അല്ലെങ്കിൽ ഈ പത്തു 'നന്മനിറഞ്ഞ മറിയ'വും എത്തിക്കുന്നതിനിടയ്ക്കായൊ, അവശ്യം വേണ്ടതാകുന്നു.

(ബി) മനസ്താപത്തോടെ പാപോച്ചാരണം ചെയ്യുക എന്നതു: ഈ ദണ്ഡവിമോചനം പ്രാപിക്കുവാൻ ഉദ്ദേശിക്കുന്ന ദിവസത്തിനു മുമ്പുള്ള എട്ടു ദിവസങ്ങൾക്കകമൊ അല്ലെങ്കിൽ അതുകഴിഞ്ഞുവരുന്ന എട്ടു ദിവസങ്ങൾക്കകമൊ ഇതു നടത്തിയാൽ മതിയാകും. മാസത്തിൽ സാധാരണമായി രണ്ടു പ്രാവശ്യം കുമ്പസാരിക്കയൊ ആഴ്ചതോറും അഞ്ചു തവണയെങ്കിലും യോഗ്യതയോടെ ശ്രു. കുൎബ്ബാന കൈക്കൊള്ളുകയൊ ചെയ്യുന്നവർ ഈ ദോഷപൊറുതി പ്രാപിക്കുവാൻ പ്രത്യേകം കുമ്പസാരിക്കണമെന്നില്ല.

(സി) പതിവുപോലെ ശ്രു. കുൎബ്ബാന കൈക്കൊള്ളുക എന്നതു: മാസത്തിൽ രണ്ടു പ്രാവശ്യം കുമ്പസാരിക്കുകയും ആഴ്ചതോറും ശ്രു. കുൎബ്ബാന കൈക്കൊള്ളുകയും ചെയ്യുന്നവൎക്കു ഈ പൂൎണ്ണദണ്ഡവിമോചനം എല്ലാ ദിവസവും, ദിവസത്തിൽ തന്നെ പലതവണയും പ്രാപിക്കാവുന്നതാണ്. മററു യാതൊരു സുകൃത പ്രവൃത്തിയും ചെയ്യണമെന്നു നിൎദ്ദേശിച്ചിട്ടില്ലാത്തതിനാൽ പരിശുദ്ധ പിതാവിന്റെ നിയോഗപ്രകാരം പ്രാൎത്ഥിക്കേണ്ട ആവശ്യമില്ല. എങ്കിലും നമ്മുടെ കൃതജ്ഞത പ്രദൎശിപ്പിക്കുന്നതിനായി ചിലപ്പോഴെല്ലാം ഇപ്രകാരം കൊന്ത എത്തിച്ച് പ. പിതാവിന്റെ നിയോഗത്തിനായി കാഴ്ച വെയ്ക്കുന്നതു വളരെ ഉത്തമമായിട്ടുള്ളതായിരിക്കും.

---

### ൲൱൨ കന്നിമാസത്തിലെ തിരുഹൃദയസഭക്കാരുടെ

# പൊതുനിയോഗം

## നന്മരണസഹായസഖ്യങ്ങളുടെ അഭിവൃദ്ധി.

മനുഷ്യരെൎ നിത്യഭാഗ്യം അഥവാ നിത്യനിൎഭാഗ്യം അവന്റെ മരണത്തോടുകൂടെയാണല്ലോ തീൎച്ചപ്പെടുന്നതു്. ഒരിക്കൽ മാത്രമേ മരിക്കയുള്ളുവെന്നും, മരണാനന്തരം സുകൃതസമ്പാദ്യത്തിനു അവസരമില്ലെന്നും ഓൎക്കുന്നവർ ആ അന്ത്യനേരത്തെ സുരക്ഷിതമാക്കിത്തീൎക്കുന്നതിനുള്ള യാതൊരു മാൎഗ്ഗവും വിട്ടുപേക്ഷിക്കുന്നതല്ല. നല്ലവണ്ണം മരിക്കുന്നതിനുള്ള ഏററം സുഗമമായ മാൎഗ്ഗം നല്ലപോലെ ജീവിക്കുകതന്നെയാകുന്നു. ജീവിതകാലത്തിൽ ആശാപാശങ്ങൾക്കടിമയായി ദൈവപ്രമാണങ്ങളെ നിരസിച്ചു കാലം കഴിച്ച ഒരുവനു നല്ല മരണം ലഭിക്കയെന്നുള്ളതു കേവലം യാദൃച്ഛികമായ ഒരു അസാധാരണ ദൈവാനുഗ്രഹം മാത്രമായിരിക്കും. എന്നാൽ പരിശുദ്ധ ജീവിതം കഴിച്ച

പുണ്യാത്മാക്കളേപ്പോലും പരിഭ്രമിപ്പിക്കുന്ന ആ ഭയങ്കരനേരത്തേയ്ക്കുവേണ്ടി പാടുള്ള മുൻകരുതലുകളെല്ലാം ചെയ്യുന്നതു് എല്ലാവർക്കും ആവശ്യമായിട്ടുള്ളതാകുന്നു. മരണപ്രമാദത്തിൽ കിടക്കുന്നവരെ പ്രാർത്ഥനകളാലും സുകൃതദിവ്യവരങ്ങളാലും സഹായിക്കുന്നതിലേക്കു തിരുസഭയിൽ പല ഭക്തസഖ്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടു്. വ്യാകുലമാതാവിൻ നന്മരണ സഖ്യം ഈ ഗണത്തിൽ പ്രധാനമായിട്ടുള്ള ഒന്നാകുന്നു. സകല വരപ്രസാദങ്ങളും ദൈവജനനി വഴിയായിട്ടാണു് മനുഷ്യവർഗ്ഗത്തിനു പ്രദാനം ചെയ്യപ്പെടുന്നതെങ്കിലും ദിവ്യരക്ഷകന്റെ പീഡാനുഭവത്തിനും മരണത്തിനും സമ്മതിക്കയും അതിൽ ഭാഗഭാക്കാകയും ചെയ്തുനിമിത്തം നന്മരണത്തിന്റെയും അന്ത്യത്തോളമുള്ള നിലനില്പിന്റെയും വരം ഈ പരിശുദ്ധ അമ്മ മനുഷ്യർക്കു പ്രത്യേകവിധമായി പ്രാപിച്ചുകൊടുക്കുന്നുവെന്നു വേദപാരഗന്മാർ അഭിപ്രായപ്പെടുന്നു. വ്യാകുലഭക്തന്മാർക്കു നന്മരണത്തിന്റെ വരം ദിവ്യരക്ഷകൻതന്നെ വിശേഷവിധിയായി വാഗ്ദാനം ചെയ്തിട്ടുമുണ്ടു്. അതിനാൽ ഈ സഖ്യത്തിൽ ചേരുന്നതു നന്മരണലബ്ധിക്കു ഒരു എളുപ്പവഴിയായിരിക്കുന്നതാണു്. മാർ യൗസേപ്പുപിതാവിന്റെ നന്മരണസഖ്യവും ഈ ഉദ്ദേശത്തോടുകൂടെത്തന്നെ സ്ഥാപിതമായിട്ടുള്ളതാകുന്നു. ഈ പ്രകാരമുള്ള ഏതെങ്കിലും ഒരു സഭയിൽച്ചേർന്നു് അതിന്റെ കടമകളെ ശരിയായി നിർവ്വഹിച്ചുപോരുന്നതു് മരണസമയത്തേയ്ക്കു അത്യന്തം പ്രയോജനകരമായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ. ഈവിധ സഖ്യങ്ങൾ വർദ്ധിച്ചുവരുന്നതിനു തിരുഹൃദയഭക്തന്മാർ പ്രത്യേകം പ്രാർത്ഥിക്കണമെന്നാണു് പരിശുദ്ധ പിതാവു് ഈ മാസത്തിൽ നിശ്ചയിച്ചിരിക്കുന്നതു്.



തുലാമാസം:— "യുവാക്കന്മാരുടെ സന്മാർഗ്ഗപാഠനം."

# ക: നാഥയുടെ കുഞ്ഞുമക്കൾകൾ.

## 1. ലൂയിസ് ഗൊൺസാഗാ.

### 11. വിശുദ്ധന്റെ ദ്രവ്യപരിത്യാഗം.

പ്രിയ കുഞ്ഞുങ്ങളെ,

മനുഷ്യഹൃദയത്തെ ദൈവത്തിൽനിന്നു അകറ്റുന്ന ഒരു പ്രധാന ശത്രു ദ്രവ്യാഗ്രഹമാണു്. ദ്രവ്യത്തെ മുഴുഹൃദയത്തോടുകൂടെ സ്നേഹിച്ചു തുടങ്ങുന്ന ആത്മാക്കളിൽ ദൈവസ്നേഹത്തിനു ഇടമുണ്ടാകുന്നതല്ല. അതുകൊണ്ടാണല്ലോ സമ്പന്നനു സ്വർഗ്ഗരാജ്യത്തിൽ പ്രവേശിപ്പാൻ വളരെ വിഷമമുണ്ടെന്നു ലോകരക്ഷനാഥൻ തന്നെ അരുളിച്ചെയ്തിരിക്കുന്നതു്. ഹൃദയദാരിദ്ര്യമുള്ളവർ ഭാഗ്യവാന്മാരാണെന്നു് ദിവ്യരക്ഷകൻ അരുളിച്ചെയ്തിട്ടുണ്ടു്. ഇതിനാൽ വി. ലൂയിസു ബാല്യംമുതൽ ലൗകികസമ്പത്തുകളുടെ വ്യർത്ഥതയെ നല്ലവണ്ണം ഗ്രഹിച്ചു് പരലോകനിക്ഷേപങ്ങളെ തേടുന്നതിന്നു ശ്രമിച്ചുവന്നു. തന്റെ സ്വത്തുക്കളും രാജ്യാവകാശങ്ങളുമെല്ലാം അനുജ

നു ഒഴിഞ്ഞുകൊടുത്തുകൊണ്ടു സന്യാസത്തിൽ പ്രവേശിച്ചപ്പോൾ ലൂയീസിനുണ്ടായ സന്തോഷം കാണികളെയെല്ലാം അത്ഭുതപ്പെടുത്തി. നിത്യരക്ഷപ്രാപിക്കുന്നതിനു ഇപ്രകാരമുള്ള ദ്രവ്യപരിത്യാഗം ചെയ്യേണ്ടതില്ല എന്നു നിർബന്ധമില്ല. എന്നാൽ പുണ്യപൂർണ്ണത പ്രാപിക്കുന്നതിന്നു ആഗ്രഹിക്കുന്നവർ ഇങ്ങനെ ചെയ്യണമെന്നാണു നമ്മുടെ ദിവ്യരക്ഷകൻ ഉപദേശിക്കുന്നത്. ഇങ്ങനെ ദിവ്യരക്ഷകൻെറ ഉപദേശം അനുസരിച്ച് കന്യാവ്രതം, കീഴ്വഴക്കം, ദാരിദ്ര്യം എന്ന വ്രതങ്ങൾ അനുഷ്ഠിക്കുന്നവരാണ് സന്യാസികളും കന്യാസ്ത്രീകളും. സന്യാസത്തിൽ സ്വന്തമായിയാതൊന്നും ഉണ്ടാകാൻപാടില്ലെന്നുള്ളതായിരുന്നു ലൂയീസിൻെറ വലിയ സന്തോഷം. ആവശ്യമുള്ളതെല്ലാം ശ്രേഷ്ഠന്മാർ അപ്പഴപ്പോൾ അനുവദിച്ചു കൊടുത്തിരുന്നവ ഒരു ഭിക്ഷക്കാരനെന്നപോലെ കരുതി ലൂയീസ് വാങ്ങി ഉപയോഗിച്ചിരുന്നു. അതും എല്ലായിലും താണ തരങ്ങളും, അത്യാവശ്യത്തിനു വേണ്ടവ മാത്രവും ഉപയോഗിക്കുന്നതിലായിരുന്നു പുണ്യവാൻെറ താല്പര്യമെല്ലാം. മരണക്കിടക്കയിൽപ്പോലും ദിവ്യഗുരുനാഥൻെറ ഈ ദാരിദ്ര്യത്തെ സൂക്ഷമായി അനുസരിപ്പാൻ ശ്രമിച്ചിരുന്നു. ഇപ്രകാരമാണ് ലൗകിക വസ്തുക്കൾക്കൊന്നിനും ഹൃദയത്തിൽ ഇടം കൊടുക്കാതെ ദൈവസ്നേഹത്തിനു മാത്രം തൻെറ ആത്മാവിനെ ഒരുക്കിയിട്ടിരുന്നത്. പ്രിയകുഞ്ഞുങ്ങളെ, നിലനില്പില്ലാത്ത ഈലോകസമ്പത്തുകൾക്കു വേണ്ടി എത്രയാളുകൾ തങ്ങളുടെ ആത്മത്തിനു നാശം വരുത്തുന്നുവെന്നോർക്കുക. ഈ നിർഭാഗ്യംപിണയാതിരിപ്പാൻ വി. ലൂയീസിനോടു പ്രത്യേകം പ്രാർത്ഥിക്കണം.

## II ഈ മാസത്തെ മദ്ധ്യസ്ഥൻ—വി. മിഖായേൽ മാലാഖാ.

(തിരുനാൾ സെപ്റ്റംബർ 29–ാംനു ശനിയാഴ്ച.)

ദൈവത്തിനു സമമുള്ളവനാര് എന്നാണ് മിഖായേൽ എന്ന നാമത്തിൻെറ അർത്ഥം. ശ്കീൽ ന്യൂറായും ക്രൂരും സ്വർഗ്ഗത്തിൽ വച്ച് ദൈവ കല്പനയ്ക്ക് എതിർത്തപ്പോൾ മേൽപറഞ്ഞ പോർവിളിയോടുകൂടെയാണ് ഈപ്രധാന ദൈവദൂതൻ അവരെ നരകത്തിലേക്കോടിച്ചത്. തിരുസഭക്കു മിഖായേൽ ഒരു വലിയ സംരക്ഷകനാണ്. നരകശത്രുക്കളോടുള്ള നമ്മുടെ സകല പോരാട്ടങ്ങളിലും പ്രത്യേകം മരണനേരത്തിലും ഈ സ്വർഗ്ഗീയ സേനാധിപൻെറ സഹായം നമുക്ക് ഒഴിച്ചുകൂടാത്തതാകുന്നു. ചാവുദോഷത്താൽ ദൈവത്തോടു മറുതലിക്കുന്നതിനേക്കാൾ മരിക്കുന്നതിനുള്ള ധൈര്യം ഈ മദ്ധ്യസ്ഥനോടു അപേക്ഷിക്കുക.

## III. കെ. സി. സി. എ. ഡയറി.

കെ. സി. സി. എ. വക വേദോപദേശസമ്മാനങ്ങൾ താഴെപ്പറയുന്ന സഭാംഗങ്ങൾക്കു നൽകപ്പെട്ടിരിക്കുന്നു.

### ഹൈസ്കൂൾ.

1. കുരിശുംപ്പറമ്പിൽ വർക്കി തോമസ് ചേർത്തല 128–ാംനമ്പർ കെ. സി. സി. എ. 95 ശതമാനം മാർക്ക്.

2. ജോസഫ് നെൽപുരയ്ക്കൽ ചങ്ങനാശ്ശേരി 494–ാം നമ്പർ സംഘം 79 ശതമാനം.

### മിഡിൽസ്കൂൾ.

1. പഴുപ്പള്ളിൽ ലോനപ്പൻ ഇരിഞ്ഞാലക്കട 366–ാം നമ്പർ സംഘം 98 ശതമാനം.

2. പി. ജെ. ചെറിയാൻ മുത്തോലി 133–ാം നമ്പർ സംഘം 96 ശതമാനം.

3. കെ. ജെ. ജോസഫ് കൊഴുവനാൽ 482–ാം നമ്പർ സംഘം 95 ശതമാനം.

### മലയാളംസ്കൂൾ.

1. മറിയം പത്രോസ് തോട്ടത്തിൽ കുറവിലങ്ങാട്ട് 42–ാം നമ്പർ ബാലികാസംഘം 98 ശതമാനം.

2. പള്ളിക്കുന്നേൽ മത്തായി ജോസഫ് കടവൂർ 198–ാം നമ്പർ സംഘം 97 ശതമാനം.

ജൂൺ ജൂലൈ ഡിപ്പോയിൽ നിന്നു പൊതുഫണ്ടു വരവ് 7 രൂപായുൾപ്പെടെ ആകെ 72ൽ രൂപായിൽ, വേദോപദേശസമ്മാനം വകയ്ക്കു 12 രൂപായും, മരിച്ച സംഘാംഗങ്ങളുടെ ശേഷക്രിയ വകയ്ക്കു 4ൽ രൂപായും നീക്കി പൊതുഫണ്ടിൽ ഇപ്പോൾ ആകെ 56 രൂപായാണുള്ളത്.

* * *

സമ്മാനാർഹന്മാരെയെല്ലാം അനുമോദിക്കുന്നു.

എന്നു നിങ്ങളുടെ സ്വന്തം കൊച്ചച്ചൻ.

# വർത്തമാനസംഗ്രഹം.

ഓസ്ത്രേലിയായിൽ സിഡ്നി നഗരത്തിൽ വച്ചു ഈ മാസത്തിൽ നടക്കുന്ന 28-ാമത്തെ ദിവ്യകാരുണ്യ മഹാസംഘത്തിലേക്കു പരിശുദ്ധപിതാവിൻെറ പ്രതിനിധിയായി അയക്കപ്പെട്ടിരിക്കുന്ന കർദ്ദിനാൾ ചെറേത്തി തിരുമനസ്സുകൊണ്ടു ജൂലൈ 30-ാംതീയതി നേപ്പിൾസിൽ നിന്നു കപ്പൽ കയറി.

അഗസ്റ്റ് 11-ാം തീയതി തിരുമേനി കൊളമ്പിലിറങ്ങുകയും കാണ്ടിസെമിനാരി സന്ദർശിക്കയുമുണ്ടായി. തിരുസഭയുടെ ഒരു കർദ്ദിനാൾ ഇൻഡ്യയിലെത്തുന്നതു ഇദംപ്രഥമമായിട്ടാണ്.

കോൺഗ്രസ്സിൻെറ സ്മാരകമായി സിഡ്നി ഭദ്രാസനപ്പള്ളിയ്ക്കു സമ്മാനിക്കുന്നതിലേയ്ക്കു പരിശുദ്ധ പിതാവു തിരുമനസ്സുകൊണ്ടു വിലയേറിയ ഒരു സ്വൎണ്ണകാസാ കാർഡിനൽ ചെറേത്തിവശം അയച്ചിട്ടുള്ളതായി അറിയുന്നു.

അമേരിക്കയിലേക്കു പോയിരുന്ന ഇൻഡ്യയുടെ ഡലഗാദപ്പസ്തോലിക്കാ തിരുമനസ്സുകൊണ്ടും ഓസ്ത്രേലിയായിലെ ദിവ്യകാരുണ്യമഹാസഭയിൽ സംബന്ധിക്കുമെന്നറിയുന്നു.

ഫ്റാൻസിൽ നിന്നു കർദ്ദിനാൾ ദുബോയി തിരുമേനിയും, ജപ്പാനിൽ നിന്നു ടോക്കിയോ മെത്രാപ്പോലീത്തായും വേറൊരു മെത്രാനും, ചൈനായിൽ നിന്നു ഒരു മെത്രാനും, ഫിലിപ്പൈൻ ദ്വീപിൽ നിന്നു 6 മെത്രാന്മാരും, സ്പെയിൻ അയർലാണ്ട് അമേരിക്കാ മുതലായ സ്ഥലങ്ങളിൽ നിന്നു പല മെത്രാന്മാരും വൈദികരും കോൺഗ്രസ്സിൽ സംബന്ധിക്കുന്നതാണ്.

ഇൻഡ്യയിൽ നിന്ന് നി. വ. ദിവ്യശ്രീ കോട്ടയം മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു മാത്രമെ കോൺഗ്രസ്സിനു പോയിട്ടുള്ളുവെന്നാണറിയുന്നതു്. റവ. ഡോക്ടർ തോമസ് തറയിൽ അവർകളും തിരുമേനിയോടൊന്നിച്ചു പോയിട്ടുണ്ട്.

വിദേശ പര്യടനാനന്തരം കാപ്പിൽ ബ. കുര്യാക്കോസച്ചനവർകളും ബ. ആലപ്പാട്ടച്ചനവർകളും അഗസ്റ്റ് 10-ാംതീയതി കൊളമ്പിലെത്തുകയും അവിടെ നിന്നു സ്വദേശങ്ങളിലേക്കു പോകയും ചെയ്തിരിക്കുന്നു.

ഉന്നതവിദ്യാഭ്യാസാർത്ഥം റോമിലേക്കു തിരിച്ചിരുന്ന റവ. ഫാദർ. പ്ലാസിഡ് സി. ഡി. അവർകൾ 'ഒർവിയേത്തോ' എന്ന കപ്പലിൽ ജൂലൈ 26-ാം തീയതി നേപ്പിൾസിൽ എത്തുകയും അവിടെ നിന്നു പിറേറദിവസം കാലത്തു തീവണ്ടിമാർഗ്ഗം റോമയിലെത്തുകയും ചെയ്തതായി അറിയുന്നു.

പാവർട്ടി ആശ്രമദേവാലയത്തിൽ വി. കൊച്ചുത്രേസ്യായുടെ തിരുനാളിനു മുമ്പായിട്ടുള്ള ആഘോഷ നവനാൾ ജപങ്ങൾ സെപ്ററംബർ 25-ാംതീയതി ആരംഭിക്കുന്നതും, ഒക്ടോബർ 4, 5, 6 എന്ന തീയതികളിൽ നാല്പതുമണിആരാധനയും, 7-ാംതീയതി കൊന്തമാതാവിൻെറ തിരുനാളും, 8-ാംതീയതി തിങ്കളാഴ്ച വി. കൊച്ചുത്രേസ്യായുടെ തിരുനാളും കൊണ്ടാടുന്നതുമാണെന്നറിയുന്നു. നവനാൾ പീഠത്തിലേക്കുള്ള പ്രാർത്ഥനകൾ "Little Flower Shrine. Pavaratty. S. Malabar" എന്ന മേൽവിലാസത്തിൽ അയക്കേണ്ടതാണ്.

# മനോഗുണവിവരങ്ങൾ.

ക്രമമായി ഇരുവിധ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനു ഒരു രൂപാ മുമ്പേറടച്ചു അപേക്ഷിക്കണം.

വി കൊച്ചുത്രേസ്യാ പുണ്യവതിയുടെ മദ്ധ്യസ്ഥതയാലും കോട്ടയം കന്നേൽ പള്ളിയിലെ വി. ത്രേസ്യാപുണ്യവതിയോടു പ്രാത്ഥിച്ചതിൻെറ ഫലമായും ഉപദ്രവകരമായ ഒരു കേസ്സിൽ ജയം പ്രാപിച്ചതിനു ഉപകാരസ്മരണ. വി. റി. ഡോമനിക്ക്.

വി. കൊച്ചുത്രേസ്യായുടെയും വി. ശവരിയാർ പുണ്യവാൻെറയും നേർക്കുള്ള പ്രത്യേക പ്രാത്ഥനയാൽ എൻെറ പ്രസവം സുഖകരമായിതീന്നതിന്.

മറിയാമ്മ കോഴഞ്ചേരി.

തിരുക്കുടുംബവും വി. കൊച്ചുത്രേസ്യായും സകല ആപത്തുകളിൽ നിന്നും എന്നെ കാത്തുരക്ഷിച്ചതിന് ഉപകാരസ്മരണയായി മൂന്നുരൂപാ അയയ്ക്കുന്നു.

കെ. വി. ജോസഫ് (Merapoh)

വി. കൊച്ചുത്രേസ്യായുടെ സഹായത്താൽ ഇക്കഴിഞ്ഞ വി. എസ്സ്. എൽ. പരീക്ഷയിൽ ജയിച്ചതിന് ടി. പി. എം. മൂവാററുപുഴ.

എൻെറ മകൻ റെറപ്പസ് എന്ന കുട്ടിയുടെ സുഖക്കേടു കർമ്മലമാതാവിൻെറ സഹായത്താൽ ഭേദമായതിനു ഉപകാരസ്മരണ. ഏ. റെമ്മീസു നെറേറാപുത്തൻതോപ്പ.

ഇക്കഴിഞ്ഞ സ്കൂൾഫൈനൽ പരീക്ഷയ്ക്കു പ്രൈവററായി ചേന്ന ഞാൻ തിരുഹൃദയത്തിൻെറ അനുഗ്രഹത്താലും വി. കൊച്ചുത്രേസ്യായുടെ മാദ്ധ്യസ്ഥതയാലും ജയം പ്രാപിച്ചിരിക്കുന്നു. എ. റി. മാത്യു.

എൻെറ ഒരപേക്ഷ സാധിച്ചുതരുന്നതിനു വി. അന്തോനീസിനോടും ചെറുപുഷ്പത്തോടും കുസുമവായനക്കാരും കുഞ്ഞുമക്കളും പ്രത്യേകം പ്രാർത്ഥിപ്പാറാകണം.

വി. വി. പെരേരാ സിലോൺ.

അധികകാലമായി എൻെറ അനുജൻെറ കാലിൽ ഉണ്ടായിരുന്ന സുഖക്കേടു വെണ്യകോട്ടു വി. കർമ്മലമാതാവിൻെറ സഹായത്താൽ പൂണ്ണസുഖം ലഭിച്ചതിന്.

സി. പി. ഗോമസ്സ്, വെണ്യകോട്ട്.

വെളിയിൽ വി. അന്തോനിയാരുടെ സഹായത്താൽ എൻെറ മകൻെറ കാലിൽ അധികകാലമായി ഉണ്ടായിരുന്ന കരപ്പൻ എന്ന സുഖക്കേടു തീന്നതിനുപകാരസ്മരണ.

വിക്ടോറിയാ ഗൊമസ്സ്, വെണ്യകോട്ട്.

---

# ചരമവാത്തകൾ.

കത്താവിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകൾക്കുവേണ്ടി കുസുമവായനക്കാർ പ്രാത്ഥിപ്പാറാകണം.

ഒല്ലൂർ ഇടവക മാളിയേക്കൽ പടിക്കൽ ചാക്കുണ്ണി അന്തോനി മേയ് മാസം 13 ാംനു- 56 വയസ്സ്.

കടപ്ലാമററം ഇടവകയിലെ കെ. സി. സി. ഏ ബാലികാസംഘങ്ങളുടെ തീഷ്ണതയുള്ള അദ്ധ്യക്ഷയായിരുന്ന മരവട്ടിക്കൽ ശ്രീമതി ഏലിയാമ്മ.

കെ. സി. സി. ഏ. അംഗമായിരുന്ന വേഴപ്രാ ഇടവക മുട്ടുക്കളം മത്തായി ജുലായി 6–ാംനു-.

ഭരണങ്ങാനം ഇടവക കിഴതടിയൂർ മനയാനിക്കൽ കുരുവിള ഔസേപ്പ ജൂലൈ 11-ാംതീയതി 32 വയസ്സ്.

പാലാവലിയപള്ളിഇടവക പുതിയാത്തു വക്കി ജൂലൈ 16–ാംനു-5? വയസ്സ്.

ചേന്നങ്കരി ഇടവക കാരുവള്ളിത്രശൌയ്യാര് ജൂലൈ 19–ാംനു-55വയസ്സ്.

കെ. സി. സി. ഏ. അംഗമായിരുന്ന കുറവിലങ്ങാട്ടു ഇടവക പഴേപുരയിൽ അന്നാമ്മ ജൂലൈ 20–ാംനു- 9 വയസ്സ്.

അതിരമ്പുഴ ഇടവക കൊച്ചുപുരയ്ക്കൽ വേകത്താനത്തുപുത്തമ്പുരയ്ക്കൽ ഇട്ടിച്ചെറിയതു അന്നമ്മജൂലൈ 23–നു-63 വയസ്സ്.

ആനിക്കാട്ടു ഇടവകമണ്ടലൽ എം. ഐ. മാത്യു ബി. ഏ. ജൂലൈ 24-ാം തീയതി 27 വയസ്സ്.

ളാലം ഇടവക കാപ്പിൽ ബ. കൊച്ചുകുയ്യാക്കോസച്ചൻെറ മാതാവു ഏലിയാമ്മ ജൂലൈ 24–ാംതീയതി 62 വയസ്സ്.

കുടമാളൂർ പള്ളിയിടവക പെരുമാലിൽ ബ. ലൂക്കാച്ചൻ ജൂലൈ 27–ാം തീയതി 72 വയസ്സ്.

ഭരണങ്ങാനം പള്ളിയിടവക ചുമപ്പുങ്കൽ ബ. കുയ്യൻശമ്മാച്ചൻെറ പിതാവു ദേവസ്യാ ആഗസ്റ്റ 2–ാംനു-.

കാഞ്ഞിരക്കോട്ടു പള്ളിയിടവകയിലെ 21–ാംനമ്പർ കെ. സി. സി. ഏ. ബാലികാസംഘത്തിലെ ഒരംഗമായ ആഞ്ചിലാ ആഗസ്റ്റ് 19–ാംനു- 13 വയസ്സ്.

# പഞ്ചാംഗം.

എപ്പക്തി വ്യ. ൧൭൨ ഞായറാഴ്ച അക്ഷരം. ൧ . ൨

## ൧൯൨൮ സെപ്റ്റംബർ — ൧൧൦൪ ചിങ്ങം - കന്നി.

വ്യാകുല മാതാവിൻ വണക്കമാസം.

ഈ വണക്കമാസം കഴിക്കുന്നവർക്കു ദിനംപ്രതി 300 ദി. ദ. വി. മാസാവസാനം കുമ്പസാരിച്ചു ദിവ്യകാരുണ്യമുൾക്കൊള്ളുന്നവർക്കു പൂ. ദ. വി.

| | | | | |
|---|---|---|---|---|
| 1 | 17 | ശ | മെത്ര. എജീദിയോസ് ന. ആ. കു. വെ | വെ. |
| | | | അടുത്ത വെള്ളിയാഴ്ച ആദ്യവെള്ളി. ശനി കടം. | |
| 2 | 18 | ഞാ | ✠ പന്ത. ൧൪-ാം ഞാ. ന. കു. ആ. .൧൭ .൨ .൫ | പ. |
| 3 | 19 | തി | വേ. പത്രാസ് (ഏപ്രിൽ ൨൯) ന. ആ. കു. വെ. | ചു. |
| | | | വടക്കേതാണിശ്ശേരിപ്പള്ളിയിൽ വ്യാകുലമാതാ. തിരുനാൾ | |
| 4 | 20 | ചൊ | യോഹ ശ്ലീഹാ ലത്തീൻവാതൽക്കൽ (മേ. ൬) ന. ആ. കു. വെ. | ചു. |
| 5 | 21 | ബു | ✻ അ. മെത്ര. ലവറന്തിയോ. ന. ആ. കു. വെ. | വെ. |
| 6 | 22 | വ്യാ | വേ. ബൊനിഫാസി (മേയി ൧൪) ന. ആ. കു. വെ. | ചു. |
| 7 | 23 | വെ | ✻ മെ. ശിമഓൻസ്റ്റോക്ക് ന. ആ. കു. വെ. (മേയി ൧൬) | വെ. |
| | | | ✻ പട്ട. വേ. യോഹ. നെപ്പുമുച്ചേൻ. ടി | ചു. |
| | | | ✻ അ. മെത്ര ഉവാൽദോസ് ന. ആ. കു. വെ. ടി | വെ. |
| 8 | 24 | ശ | ✠ ക. മ. പിറവി ന. കു. വെ. | വെ. |
| | | | വെച്ചൂർപള്ളിയിൽ പ്രധാനതിരുനാൾ. | |
| 9 | 25 | ഞാ | ✠ പന്ത. ൧൫-ാം ഞാ. ന. കു. ആ. .൧൨ .൩ .൨ | പ. |
| | | | ✻ ക. മറിയം തി. നാമം. ന. ആ. കു. വെ. ✻ ഷ (✻ ൧൭) | വെ. |
| 10 | 26 | തി | മെ. നിക്കൊലാവോസ് ന. ആ. കു. വെ. | വെ. |
| 11 | 27 | ചൊ | വേ. പ്രത്തോസും ക്രൂട്ട. ന. ആ. കു. വെ. | ചു. |
| 12 | 28 | ബു | ✻ ക. മറി. പിറവി. ഏം. ന. ആ. കു. വെ. | വെ. |
| 13 | 29 | വ്യാ | ✻ ക. മറി. പിറവി. ഏം. ന. ആ. കു. വെ. | വെ. |
| ● 14 | 30 | വെ | † ശ്ലീ. കുരിശിൻ പുകഴ്ച ന. കു. വെ. | ചു. |
| 15 | 31 | ശ | ക. മറി. പിറവി. എട്ടാം. ന. ആ. കു. വെ. | വെ. |
| | | | അമലോത്ഭവതിരുനാളിനു മുമ്പുള്ള 12 വെള്ളിയാഴ്ചഭക്തി ഇന്നു തുടങ്ങുന്നു. | |
| 16 | 1 | ഞാ | ✠ പന്ത. ൧൬-ാം ഞാ. ന. കു. ആ. ൨൩.൧൭ .൨൩ .൧ .൫ | പ. |
| | | | വ്യാകുലമാതാവിൻ തിരുനാൾ. | |
| 17 | 2 | തി | ✻ മെ. അഞ്ചുകായം പ്രാൻസിസ്സോ. ന. ആ. കു. വെ. | വെ. |
| 18 | 3 | ചൊ | ✻ മെ. യൌസേപ്പു. ന. ആ. കു. വെ. | വെ. |
| 19 | 4 | ബു | അ. വേ. യനുവാരി. ക്രൂട്ട. ന. ആ. കു. വെ. പട്ടം ഇ. വി. | ചു. |
| 20 | 5 | വ്യാ | മത്തായി ശ്ലീഹാ. തലേ. ന. കു. ആ. തലേ. ഇ. വി. | രോ. |
| 21 | 6 | വെ | † മത്തായി ശ്ലീഹാ. ന. ആ. കു. വെ. പട്ടം | ചു. |
| 22 | 7 | ശ | വേ. മത്തീനോസും ക്രൂട്ട. ന. ആ. കു. വെ. പട്ടം. | ചു. |
| | | | ✻ അ. മെത്ര. തോമ്മാ വില്ല. ന. ആ. കു. വെ. | വെ. |
| 23 | 8 | ഞാ | ✠ പന്ത. ൧൭-ാം ഞാ. ന. കു. ആ. .൧൭ .൨ .൫ | പ. |
| 24 | 9 | തി | ✻ മനഗുണമാതാവ് ന. ആ. കു. വെ. | വെ. |
| 25 | 10 | ചൊ | ✻ മെ പസ്സാലീസു (മേയി ൧൭) ന. ആ. കു. വെ. | വെ. |
| 26 | 11 | ബു | വേ. കുപ്രിയാനോസും ക്രൂട്ട. ന. ആ. കു. വെ. | ചു. |
| 27 | 12 | വ്യാ | വേ. കൊസ്മോസും ക്രൂട്ട. ന. ആ. കു. വെ. | ചു. |
| 28 | 13 | വെ | ✻ രാജാ. വേ. വെഞ്ചസ്‌ലാവോ. ന. ആ. കു. വെ. | ചു. |
| ◐ 29 | 14 | ശ | † മിഖായേൽമാലാഖാ പള്ളിക്കൂദാശ. ന. കു. വെ. | വെ. |
| 30 | 15 | ഞാ | ✠ പന്ത. ൧൮-ാം ഞാ. ന. കു. ആ. .൧൨ .൭ .൨ | പ. |
| | | | അടുത്ത മാസം ൫-ാംനു ആദ്യവെള്ളി. | |

Printed and Published for the proprietor by P. K. Joseph at the St. Joseph's Press, Mannanam, 1928.